ॐ

# ആത്മസുധ

സാധു ശ്രീധരൻനായർ

പ്രസാധകർ

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O പുതുപ്പള്ളി

കായംകുളം.

ॐ

# ആത്മസുധ

Malayalam

ATMA SUDHA

ആത്മസുധ

Author

R. SREEDHARAN NAIR

Published by:

SREEDHARA DESAM TRUST

Govindamuttam P.O

Puthuppally, Kayamkulam

Printed at P. C. Press Kottayam

Copies 500

Copyright Reserved

20 th September 1989

# ആത്മസുധ

സാധു ശ്രീധരൻനായർ

പ്രസാധകർ

ശ്രീധരദേശം ട്രസ്റ്റ്

ഗോവിന്ദമുട്ടം P.O.

പുതുപ്പള്ളി – കായംകുളം

ഓം

# സാധു ഗോപാല സമാജം

## പ്രസിദ്ധീകരണങ്ങൾ

ആത്മസുധ
ശ്രീ ഗോപാലഗീതാ
വിദ്യാസാഗരസന്ധ്യ
ഗുരുപ്രണാമം
വേദാന്തസാരം (പുന:പ്രകാശനം)
ശ്രീധരബോധമനനം
ഉത്തരഗീതാ - (പുന:പ്രകാശനം)
രാമഗോപാലം
ശ്രീധരവചനാമൃതം — I
,, ,, II
ശ്രീധര പരിദേവനം
മഹാവാക്യപ്പൊരുൾ
സാധു നിശ്ചലദാസൻെറ വിചാരസാഗരം
(പുന:പ്രകാശനം)
ശ്രീധരൻെറ വേദാന്തബോധസുധ
അദ്വൈത ശ്രീധരം
ശ്രീധരം
ശ്രീധരൻെറ വേദാന്തസരണി
ഉപനിഷത് ശ്രീധരപ്രകാരം
ശ്രീധര ശ്രീധരം
ബാലശ്രീധരം
വേദ വേദാന്ത സമന്വയം

ഓം

## ശ്രീ ഗുരവേ നമഃ

ഈ ഗ്രന്ഥത്തിൽ ശ്രദ്ധേയങ്ങളായ ചില വിഷയങ്ങളുടെ കേവലാവതരണം മാത്രമാണു് നിർവഹിച്ചിരിക്കുന്നതു്.

ആദ്യമായി ഹൈന്ദവപ്രസിദ്ധവും ഭാരതപ്രസിദ്ധവും എന്നുമാത്രമല്ല ലോകപ്രസിദ്ധവുമായ ഗായത്രീമന്ത്രമാണു്, സ്വച്ഛമായ ഒരു ചെറു അർത്ഥകുറിപ്പോടെ ഉപാസകർക്കു് ഉപകരിക്കുമാറു് ചേർത്തിരിക്കുന്നതു്.

അടുത്തതായി ആത്മനില കാട്ടുന്ന പാടലുകളാണു്. സാഹചര്യം മറന്നു്, തൻെറ വ്യാവഹാരിക നില വിട്ടു് ചിത്തവൃത്തിരഹിതനായി നിന്നു് ഇവ പാടി നോക്കുമ്പോൾ അറിയാം അതു് എന്തിനെഎങ്ങിനെകാട്ടുന്നുഎന്നു്.

മൂന്നമത്തേതായ സാംഖ്യം പൗരാണികർ വളരെ അധികം ആചരിച്ചുപോന്ന വേദാന്ത വിഭാഗം, നവീനയുക്തിയാലലംകൃതമാക്കി പ്രതിഭാശാലികൾ മതിപ്പോടെ സ്വീകരിക്കുമാറവതരിപ്പിച്ചിരിക്കയാണു്.

നാലാമത്തേതു് ഇങ്ങനെ ഉന്നത ശൃംഗങ്ങളിൽ പ്രവേശിക്കുവാൻ മടിക്കുന്ന ഉൽപ്പന്ന മതികൾക്കു് കാലാനുസരണ യുക്തിവാദം കാട്ടിക്കൊടുക്കലൊണു് ചെയ്തിരിക്കുന്നതു്.

അഞ്ചാമതവതരിപ്പിച്ചിരിക്കുന്ന യോഗം, പറഞ്ഞുപോരാത്ത ഒരവതരണമാണെന്നെനിക്കും തോന്നുമാറു്, അതല്പം ലഘുവായി പോയിട്ടുണ്ടു്. എങ്കിലും അതിൻെറ ഉദ്ദേശലക്ഷ്യം കാട്ടി അടങ്ങുകയാണു്.

ഓം തത് സത്

സാധു ശ്രീധരൻ നായർ

# ആത്മസുധ

ഓം

ശ്രീ ഗുരവേ നമഃ

## ഗായത്രീ വേദമാതാ

ഓം ഗായത്രീ വേദ ജനനീ
ഗായത്രീ പാപ നാശിനി
ഗായത്രീ സ്തു പരം നാസ്തി
ദിവിചേഹ ച പാവനം

'ഓം ഭൂർ, ഭുവ: സ്വ
തത് സവിതുർ വരേണ്യം
ഭർഗോ ദേവസ്യ, ധീമഹി
ധിയോ, യോ ന: പ്രചോദയാത്'

'ഗയാൻ പ്രാണാൻ ത്രായതേ സാ ഗായത്രീ'

അധോഗതിയിലാണ്ട പ്രാണനെ ഉദ്ധരിക്കുകൊണ്ടു് ഗായത്രീ. അ എന്നു തുറന്നുച്ചരിക്കുന്ന 'അ' ആരംഭമിട്ടു് അർദ്ധവികസനത്തോടുകൂടെ ഉച്ചരിക്കുന്ന 'ഉ' മദ്ധ്യമായി 'മ്' എന്നടച്ചു ധ്വനിപ്പിക്കുന്ന 'മ്' അന്ത്യമായവസാനിക്കുന്ന അക്ഷരത്രയങ്ങളാണു് ഓമിന്റെ ഘടന. എന്നുപറഞ്ഞാൽ ശബ്ദം തുടങ്ങുന്നതുമുതൽ അടയ്ക്കുന്നതുവരെയുള്ള സർവശബ്ദ സമുച്ചയത്തിന്റേയും

ധ്വനി മുഴുവനുമാണ് ഓം എന്ന ബീജമന്ത്രമായ അത്. ഓമിനെപ്പററി മാണ്ഡൂക്യോപനിഷത്ത് പ്രതിപാദിക്കുന്നതു കേൾക്കുക:-

'ഹരി: ഓം, ഓമിത്യേദക്ഷര മിദം സർവം
തസ്യോപവ്യാഖ്യാനം ഭൂതം,ഭവത് ഭവിഷ്യദിതി
സർവമോങ്കാര ഏവ യച്ചാന്യാത്ത്രികാലാതീതം
തദപ്യോങ്കാര ഏവ,
സർവം ഹ്യേതദ്ബ്രഹ്മ - അയമാത്മാബ്രഹ്മ
സോയമാത്മാ ചതുഷ്പാത്'

മുമ്പുണ്ടായിരുന്നതും മുമ്പിനാലുണ്ടായിരുന്നതും, ഇപ്പോഴും നിലവിലുള്ളതും മേലിലുണ്ടാകാനിരിക്കുന്നതായ സർവവും ഓങ്കാരം തന്നെയാണ്. ഇവയിൽ നിന്നെല്ലാം അന്യമായി മൂന്നുകാലത്തെയും കടന്നു നിൽക്കുന്ന വല്ലതുമുണ്ടെങ്കിൽ ആയതും ഓങ്കാരം തന്നെയാകുന്നു. അപ്രകാരമുള്ള അതു് ബ്രഹ്മം തന്നെയാകുന്നു. ഈ ആത്മാ, ബ്രഹ്മമാകുന്നു. അപ്രകാരമുള്ള ഈ ആത്മാ ചതുർവിധ അറിവുകളും എന്നു വിവരിക്കാവുന്ന പാദങ്ങളോട്ടുകൂടിയതാണ്. ഇതിനെ സ്വൽപ്പംകൂടി വിവരിക്കാം.

നാം ഭഗവദ് പദേ രമിക്കായ്‌വരേണമേ എന്നു പ്രാർത്ഥിക്കാറുണ്ടല്ലോ. അതിന്റെ വ്യക്തമായർത്ഥം നാം നന്നായി മനസ്സിലാക്കണം. ജാഗ്രത്പദത്തിൽ രമിക്കായ് വരേണമേ എന്ന് ഉത്തമഭക്തൻ പ്രാർത്ഥിക്കാറില്ല. ആയപോലെ സ്വർഗസമാനസുഖം കിട്ടാവുന്നതും നഷ്ടപ്പെട്ട് കഷ്ടപ്പാടനുഭവിക്കാവുന്നതുമായ തൈജസ പ്രജ്ഞപദത്തിലിട്ടേക്കണേ എന്നും ഭക്തർ പ്രാർത്ഥിക്കാറില്ല. അതിനെക്കാളേറെയാവി. തന്നെ സുഷുപ്തിലാഴ്ത്തിയിടണേ എന്നും ആരും പ്രാർത്ഥിക്കാറില്ല.എന്നാൽ ഈ പദങ്ങളുടെ എല്ലാമറിവേകുന്നതും ഭഗവദ്പദംതന്നെയായതുമായ തുരീയത്തിൽ അഥവാ ആത്മപദത്തിൽ നിലനിർത്തേണം എന്ന പ്രാർത്ഥനയാണവൻ ചെയ്യുന്നതു്. അങ്ങനെ തുരീയപദമൊന്നുകൊണ്ടുമാത്രം ചതുഷ്

പദങ്ങളുടേയും അറിവും അനുഭവവുമുള്ളതാണ് ഈ ആത്മാ ഇങ്ങനെ നാലുപാദങ്ങളോടുകൂടിയതാണ് ഈ ആത്മാവെന്നറിയണം.

എല്ലാ മന്ത്രങ്ങളുടേയും ബീജമാണ് ഓം. ആകയാൽ ഇതു് സർവാദരണീയമാണ്, പ്രണവമാണ്. ആദിയിൽ വേദമൊന്നേ ഉണ്ടായിരുന്നുള്ളൂ. അതു് പ്രണവമാണ് എന്നു പറയുന്ന ആപ്തവാക്യമുണ്ടു്.

ഓങ്കാരത്തിൽനിന്നുമാണ് സർവമന്ത്രങ്ങളും സർവ ശബ്ദസമൂഹങ്ങളും ഉൽപ്പന്നമാകുന്നതു്.

'സർവേഷാമേവ മന്ത്രാണാം
കാരണം പ്രണവസ്മൃത
തസ്മാത് വ്യാഹൃതയോ ജാതാ
സ്തഭ്യോ വേദത്രയാ തഥാ'

സർവമന്ത്രങ്ങളും പ്രണവത്തിന്റെ കാര്യജാതങ്ങളാണ്. അതിൽനിന്നുമാണ് വ്യാഹൃതീ എന്നറിയപ്പെടുന്ന 'ഭൂ, ഭുവ, സ്വ: എന്ന മന്ത്രങ്ങൾ അഥവാ ശബ്ദവചസ്സുകൾ തന്നെ ഉടലെടുത്തതു്.

'സാരഭൂതശ്ച വേദാനാം
ഗുഹ്യോപനിഷദസ്മൃതം
താഭ്യ സാരത്തു ഗായത്രീ
ഗായത്ര്യാം വ്യാഹൃതിത്രയം'

വേദങ്ങളുടെയെല്ലാം സാരമാണ് അതിന്റെ ഹൃദയം പോലെ പരിലസിക്കുന്ന ഉപനിഷത്തുകൾ. അതിന്റെ സാരമാണ് ഗായത്രീ, അതിന്റേയും സാരമത്രേ വ്യാഹൃതിത്രയം, ഭൂ, ഭുവ, സ്വ: എന്നതു്.

വ്യാഹൃതികൾ പലവിധ വ്യാഖ്യാനങ്ങൾ നടപ്പിലുണ്ടു്. ഇതിലൊന്നിവിടെ കാണിക്കാം. ഭൂർ=ഭവിച്ചതു്.

ഭവത്-സംഭവിച്ചതായിട്ടറിയുന്നതു ഭുവ:കന്നു പോകേണ്ടതായിക്കാണുന്നതു് അന്തരീക്ഷാകാശം. സ്വ: തന്റെ തന്നെയായ ലോകം, ആത്മലോകം,സ്വർലോകം,സ്വർഗ്ഗലോകം, പ്രകാശ സംപൃഷ്ടമായ ലോകം ഇങ്ങനെ വ്യാഹൃത ക്കത്ഥമുണ്ടു്. ഇങ്ങനെ വ്യാഹൃതി ആത്മലോകം അഥവാ ബ്രഹ്മലോകംവരെ നിറഞ്ഞു നിലകൊള്ളുന്നതായി കാട്ടുന്നു. അതായതു് ഭവത്തിൽപ്പെട്ടതിനെ അന്തരീക്ഷം അഥവാ കടന്നു പോകേണ്ട വഴി ആയ ആകാശം, അതിനെ ഒന്നുകൂടി വിവരിക്കാം. ഭവത്തിൽപ്പെട്ട എന്നു തോന്നിക്കൂടി ഭവരോഗബാധ ഏററ ജീവനെ മഹാകാശ വടിവാക്കി അഖണ്ഡാകാരവൃത്തിയും കടത്തി ആത്മലോകപ്രാപ്തനാക്കുന്നു എന്നു സാരം,

അടുത്തതു് തത് പദമാണല്ലോ. ഇതു് മഹാവാക്യങ്ങളിൽ പറയുന്ന 'തത്' തന്നെയാണു്. ഇതിനെ ഈശ്വരൻ എന്നും പരമാത്മാവെന്നും മററും പറയുന്നുവെങ്കിലും ലക്ഷ്യത്തിൽ ബ്രഹ്മംതന്നെയാണു്.

സവിതുരിതി സൃഷ്ടിസ്ഥിതിലയ
ലക്ഷണകസ്യ സർവം
പ്രപഞ്ചസ്യ സമസ്തദ്വൈത വിഭ്രമസ്യാ-
ധിഷ്ഠാനം ലക്ഷ്യതേ — (ശ്രീശങ്കരൻ)

സൃഷ്ടിസ്ഥിതിലയത്തിനു വിധേയമായ സർവവിഭ്രമ പ്രപഞ്ചത്തിനും അധിഷ്ഠാനമായി നിലകൊള്ളുന്നതു് സവിത:

വരേണ്യം എന്നു പറഞ്ഞാൽ—ആദരണീയം, ശ്രേഷ്ഠം,ആശ്രയിക്കപ്പെടേണ്ടതു് എന്നൊക്കെയാണു്.

'സവിത സ്വാത്മഭൂത സ്തു
വരേണ്യം സർവജന്തുഭി:'

ചൈതന്യ ലക്ഷണത്തോടുകൂടിയ തേജസ്സിനെ 'ഭർഗ്ഗ' എന്നറിയപ്പെടുന്നു. ഉപനിഷത്തുകളിലെ ജ്യോതിസാം ജ്യോതിസ്സുമിതുതന്നെ.

'ഭർഗ്ഗസ്തേജ: പ്രകാശ: പ്രകാശോ ജ്ഞാനം
യന്നിരുപദ്രവം നിഷ്പാപം നിർഗ്ഗുണം
ശുദ്ധം സകലദോഷരഹിതം പക്വം
പരമാത്മ വിജ്ഞാനസ്വരൂപം തത് ഭർഗ്ഗ'
(നിരുക്തം)

'അകൃത്രിമ മനാദ്യന്ത
മദ്വിതീയമഖണ്ഡിതം
അബഹി: സാധനാസാദ്ധ്യം
സുഖം തസ്മാദവാച്യതേ
സംവിത് സർവകാലാതീതാ
സർവഭാവാന്തര സ്ഥിതാ
നിത്യം സദസതോർമ്മദ്ധ്യേ
സത്താസാമാന്യരൂപിണി
മഹാസത്താത്മതാം പ്രാപ്താ
ദേവശബ്ദേന കഥ്യതേ-(മഹേശ്വരൻ)

സർവദ്യോതനാത മകാഖണ്ഡ ചിദേകരസ'

സർവത്തേയും പ്രകാശിപ്പിക്കുന്ന അഖണ്ഡ ചിദേകരസമാണ് ദേവപദം കാട്ടുന്നതെന്നാണ് ശ്രീ ശങ്കര ഭഗവദ്പാദർ പറയുന്നത്. നാമതങ്ങ് അംഗീകരിക്കയേ വേണ്ടു. അല്ലാതെ മറ്റൊരു പ്രഭ എങ്ങും കണ്ടെത്തുക സാദ്ധ്യമല്ലല്ലോ,

ധീമഹി, അഹം ബ്രഹ്മേതി നിശ്ചിത്യ—അഹം ഭാവം പരിത്യജ. ഈ വാക്യത്താൽ പ്രകാശിപ്പിക്കപ്പെടുന്ന ബുദ്ധി വിശേഷത്തെയാണ് ധീശബ്ദം ചൂണ്ടുന്നത്.

ധർമ്മാദി വിഷയയായ ബുദ്ധിയെ 'ധിയ' ശബ്ദം കുറിക്കുന്നു.

സവിതാവിനെ 'യ' ശബ്ദമുന്നുന്നു
ന: അസ്മാകം, എന്നെ

പ്രചോദയാത് - എന്റെ ബുദ്ധിയെ ഉത്തമ മാർഗ്ഗത്തിലേക്ക് പ്രേരിപ്പിച്ചാലും.

**'യൻമംഗളം ജ്ഞാനഘനതപഗമ്യം**
**ത്രൈലോക്യ പൂജ്യം ത്രിഗുണാത്മരൂപം**
**സമസ്തതേജോമയ ദിവ്യരൂപം**
**പുനാതുമാം തത്സവിതുർവരേണ്യം'**

ഓം.

ഓം

ശ്രീ ഗുരവേ നമ:

# ശ്രീധരൻെറ ജ്ഞാനപ്പാടൽ

പാട്ടൊന്നു പാടുവാനാർക്കറിയാം
ദൃശ്യം മനോഹരം കാണുന്നില്ലേ
രജതം വിരിഞ്ഞിതാ ലോകമായി
ഘനമുണ്ട്, രസമുണ്ട്, മൃദുത്വമുണ്ടേ
സുഗന്ധമുണ്ട്, പ്രഭയുണ്ട്,
ധ്വനിയുമുണ്ടേ, രൂപങ്ങളേറെ
യങ്ങേറെയേറെ, ഇളകുന്ന കാററുണ്ട്
പ്രഭയേറും രശ്മിയും, പരന്നു കാണ്മൂ

എല്ലാമേ മങ്ങിപ്പോം ഞാനില്ലെങ്കിൽ
ആ ഞാനോ കൺവെട്ടേ കാണുന്നില്ല

ഞാനൊന്നു വന്നെന്നാൽ ശബ്ദമില്ലാ
സുഗന്ധങ്ങൾ വർഷിച്ചാൽമണവുമില്ലാ
തൊട്ടാലറിയില്ല തള്ളിയാൽ നീങ്ങില്ല
പട്ടട പാവം പോൽ മിണ്ടാതിരിക്കുമേ

ബ്രഹ്മത്തെ കുറിച്ചോരു പാട്ടുപാടാൻ
എനിക്കൊട്ടും സാദ്ധ്യമല്ലെൻെറയമ്മേ

ബ്രഹ്മത്തെ ഉന്നി ഞാൻ പാട്ടുപാടാം
അതുകേട്ടു തെളിഞ്ഞു നീ ഞോടെണേ

അമ്മേ നീ അതു കാട്ടി മേദമാണ്ട്
മുഴുകണേ ബ്രഹ്മമായ് പൂർണ്ണമായി

ഓം

അട്ടപ്പത്തങ്ങളിലയപ്പം
മണം പേറി വെന്തിട്ടമ്പോഠം
മണിവർണ്ണൻ പൊടിക്കുഞ്ഞു്
മനസ്സുററു പഠിക്കുമോ?

അതുപോലെൻ ആത്മാവിൻ
രസമൂറി നണയുമ്പോഠം
അറിയുമോ ജഡദേഹം
അട്ടത്തങ്ങു കൂടിയതു്.

ജഗത്തങ്ങു പോയാലും
ജഗദീശൻ നിലനിൽക്കും
ജഡദേഹം മറഞ്ഞാലും
തനി ആത്മാ നിലനിൽക്കും

തനിയായി നിലനിൽക്കും
ബ്രഹത്തായി നിലനിൽക്കും
ഏകമാം ആയതിനെ
ബ്രഹ്മമെന്നു പറയുമേ

൧൦

ഉണരുണരു ഭാരതാ
വാസ്തവം കേശക്കെടോ
നിൻകയ്യിലല്ലയോ
ദിവ്യാംഗുലീയമാ
രാഘവൻ തന്നതു്

അതു കൈയിൽവച്ചു
ങ്ങനങ്ങാതെ രിക്കുകിൽ
കാണുമോ സീതയെ
നട്ടുച്ചയതാകിലും

ശ്രുതിമധുരരസ
മഖില മൂറുവാൻ
തക്കോരു ബുദ്ധിനിൻ
കൈയിൽ കിട്ടീട്ടു
കൂടിയും മിണ്ടാതെ
തപ്പുന്നതെന്തിനെ
എന്തിനായാണെടോ?

നെയ്യതു താനെ
കഴിച്ചുവെന്നാകിലോ
വയറിളികിയിളകി
അതുമലമതായ്
പോകുന്നതില്ലയോ

അതു തടയുവതിനായ്
ഉപാധിയെ ചേർക്കെടോ
ബോധമതിലങ്ങു–
പാധിയുണ്ടെപ്പോഴും

ഉപ്പേരി തന്നിലായ്
ശർക്കര ചേർത്തു നീ
അപകടമൊഴിച്ചങ്ങ
തിന്നുന്നതില്ലയോ

ആയപോലല്ലവയിൽ
നെയ്യതു ചേർത്തിട്ട
രുചികരമാക്കി നീ
തിന്നുന്നതില്ലയോ

ആയപോൽ നല്ലപോൽ
ശാസ്ത്രം പഠിച്ചു നീ
അറിവതും പുരട്ടി
അബ്ബോധം നകരെടോ

അറിവുകളിൽക്കൂടി
അറിവതറികെടോ!
യുക്തി എന്നോതുവതു
ചേർച്ചയാണറികെടോ.

ചേർച്ചകേടായോരു
ചേർച്ച ചെയ്തീടുകിൽ
പാലിൽ പുളിചേർത്ത
പോലെയായി തീരുമേ.

ആകകൊണ്ടുമെണെടോ
നീയമേന ബന്ധിച്ച
ന്യായമായ് മാററിയതു്
ന്യായേന മാറുകയാൽ
യുക്ത്യസ്തമനമല്ലെടോ
യുക്തിസ്ഫുടതയതോർക്കെടോ

അതോടെ വൈശേഷികം
വന്നു വസ്തുത നിരത്തിലായ്
സാംഖ്യമായ് യോഗമായ്
പൂർവമീമാംസയായ്
ഉത്തരമീമാംസ മറ്റൊന്നു്

ഇവിടെല്ലാം നോക്ക കുഞ്ഞേ
കഷണത്തിലുപാധിയിൽ
ബോധത്തെ പുരട്ടിയതു്
അവയെല്ലാം കടിക്കമ്പോഠം
ബോധമതു രുചിച്ചാലും
ബോധരുചിയാകയില്ല

നാലെന്നു പറഞ്ഞെന്നാൽ
തേടുമേ വസ്തു തത്വം
മൂന്നെന്നു പറഞ്ഞാലും
അതു തന്നെ ഗതിയെടോ

ഉപാധി മാററിവച്ചാൽ
മുന്നേതു നാലതേതു്
ആ അറിവതുതന്നെ
ബോധത്തിൻ രൂപമെടോ

ആ ബോധരൂപമതേ
ആത്മാവിൻ രൂപമെടോ
ആയതാണഹമെടോ
ആയതേ ബ്രഹ്മമെടോ

അറിയറിയുമനമേ
ആത്മാവിൻ രൂപമതേ
ബോധത്തിൻ പ്രകൃതമേ
ജ്യോതിസ്സിൻ ജ്യോതിസ്സതേ

ഓം

ദൂരെ ദൂരേന്നെത്ര
ദൂരേന്നു വരവു കുരുവീ
ഞാൻ മാത്രമുള്ളയിടം
മററാരുമേ ഇല്ലായിടം

ആരുവരുമിവിടത്തിൽ
എന്തിനു വരുവാനാ
ചൊല്ലു ചൊല്ലു കുരുവീ
നിറയട്ടെന്റെ ഉള്ളെല്ലാം

അപ്പുറമപ്പുറമാ
സവിതാവിനുമപ്പുറം
അരുണഗിരിയതിനു
മപ്പുറത്തപ്പുറത്തു്
ആത്മനിലയനമുണ്ടു്
ബ്രഹ്മദേശം മനോഹരം

അവിടം ചൊല്ലുവതില്ലാരും
വിവരിപ്പതുമില്ലാ
വചസ്സുങ്ങു ഭയന്നീടും
മാനസ്സേ നോക്കിപ്പോകും
മാനസം പാവം ശുദ്ധം
ശൂന്യംപോലഴിഞ്ഞിടും

ആരുവാൻ വിവരിക്കു -
മാവിശാല ഗംഭീരനെ
ദേശമില്ല കാലമില്ല
പദാർത്ഥമായതുമില്ല

ഏകാണു ആത്മാണു
ഏകമായ് വിഹരിക്കും ദേശം
അയ്യയ്യോ അവിടെല്ലാം
ചുററിയോ നീ എൻ കുരുവീ

പറയേണ്ട പറയേണ്ട
വിശ്രമിക്ക നീ അൽപ്പം
ബോധരസം നുകർന്നു
ക്ഷീണമെല്ലാം തീർക്ക കുഞ്ഞേ,
ക്ഷീണമെല്ലാം തീർത്തു നീ
പാട്ടൽപ്പം പാടു കുരുവി

ഉണ്ടായിരുന്നൊരുവൻ
ഉണ്ടിപ്പോഴുമൊരുവൻ
അവനത്രേ അഹമെന്ന
ങ്ങറിയപ്പെടുന്ന ജ്യോതി

മിണ്ടുകില്ലവനാരോടും
മിണ്ടാനുമില്ല മററാരും
മിണ്ടുവതോ അവനത്രേ
കേൾക്കാനുമൊട്ടവനത്രേ

ഉണ്ടതൊന്നങ്ങെവിടെയും
ബൃഹത്തായിട്ടു കാണുമേ
മിണ്ടുവോനും കേൾപ്പവനും

പലതായിട്ടു കാണുമേ
ഏകമായിട്ടു ദാ ർ നിൽപ്പു
ഇതെല്ലാമറിയുവനത്രേ
ശുദ്ധജ്ഞാനമതോർക്കെടോ

ഓം

ഈശ്വരവിലാസത്താൽ ലഭ്യമാം
വേദതത്വം സുസ്പഷ്ടം ചൊല്ലിയതു
നിത്യേന നിയമേന പ്രവർത്തിച്ചവെങ്കിലും
ഉദ്ദേശശുദ്ധികൊണ്ടു, മംഗളം നേർന്നു
കൊണ്ടും, ലോകം നന്നാക്കിയാലും,

സവികൽപ്പസമാധിയതു പൂജ്യമെന്നറിഞ്ഞും
നിർവികൽപ്പേ രമിച്ചും, കഴിയുവവനത്രേ
സായൂജ്യപദവിക്കർഹനെന്നറിഞ്ഞാലും

ഒന്നുണ്ടീ എളിയവൻ ചൊല്ലുന്നു
നിന്നോടേവം, സമാധിയെ അറിയും
അറിയുന്നവനതും, അറിയേണ്ടയറിവതും,
ഏകമെന്നറിഞ്ഞുണർന്നാലും.

പൊരുളതേ ശ്രദ്ധിച്ചിട്ടങ്ങതു താനെന്നറി
യുകിലുമെത്തുമെടോ ആത്മനിലയാം
അറിയേണ്ട പൊരുളായ അറിയാപ്പൊരുളതു്.

ആത്മാവായ് സ്ഫുരിച്ചാലും ബ്രഹ്മമാ
യറിഞ്ഞാലും താൻതന്നെയാണതെന്നു
ശുദ്ധമായ് സ്ഫുടമായറിയുകയത്രേ
നിർവികൽപ്പം
മനോഹരമതു്, ബോധസമാധിയതു്
ബ്രഹ്മസമാധിയെന്നു, ജ്ഞാനികൾ പറയുമേ

ഓം

ശ്രീ ഗുരവേ നമഃ

അയ്യയ്യോ അഖണ്ഡാകാശമെന്നേ
സർവത്തേയുമുൾക്കൊള്ളുവാൻ വീശിയ
ബ്രഹത്താം നീലാംബരമതു്

വൃക്ഷങ്ങളെല്ലാം പെട്ടു
കാടും മലയും പെട്ടു
തോടും പുഴയും പെട്ടു
സൂര്യനും ചന്ദ്രനും പെട്ടേ
നക്ഷത്രമഖിലം പെട്ടേ
നീയും അവനും പെട്ടേ
ഞാനും ഓ പെട്ടു കാൺമൂ

ആരാണു രക്ഷിക്കുവാൻ
ആദി ആദിയിലൊരുദിനം
അന്നന്നങ്ങൊരുദിനം
കണ്ടുമുട്ടിനേനൊരു ചില്ലു്

ആകാശമതിൽ കണ്ടേൻ
തലകുത്തി നിൽക്കുവതായ്
നക്ഷത്രം കീഴിൽ കണ്ടേൻ
അത്ഭുതമത്ഭുതമതു്
അഭ്രമെന്നിട്ടു പേരും

ആ കാഴ്ചയതിൽ ബോധം
നിഴലിച്ചു കണ്ടെടോ
സമുദ്രേ സൂര്യബിംബം കണക്കേ
അവിടങ്ങുമായാവാദം
മൊട്ടിട്ടു വിലസിനേൻ

അണുവിന്നുമണുവതാ
ഉണ്ടെടോ ആത്മാവൊന്നു്
ആയതിൽ രേണുക്കളിൽ
പററിയതായിക്കാണും

മാനസദർപ്പണത്തിൽ
കാണുമേ ലോകമെല്ലാം
വ്യവസ്ഥയില്ലാപ്പടി
ആത്മബോധാങ്കണേ

ഗണിതം ശാസ്ത്രത്തിൽ
തിളങ്ങും മകുടക്കല്ലേ
കെട്ടിനേൻ വെള്ളത്തി
ലാസൗധം അത്യുജ്ജ്വലം
വെള്ളത്തിൽ വരച്ചതാം
വരയെ കണക്കായി
പിന്നേതു ശാസ്ത്രം സത്യം
അവ്യക്തേ തുടങ്ങുന്നു
സർവത്ര ശാസ്ത്രമത്തും
കീഴ്മേൽ മറിയുന്നു
ആത്മസൂക്ഷ്മാങ്കണേ
ആ ചിതി തൻ വിലാസത്താൽ
സർവവുമറിഞ്ഞീടാം
ആയതേ കരണീയം

ലോകത്തിൻ വൈചിത്ര്യത്തെ
ചില്ലിനാൽ കാട്ടി വിദ്യ
മിഥ്യയായ് കാട്ടിത്തന്നേൻ
ലോകങ്ങളഖിലവും

ലോകമത്തു മാനസ
ദർപ്പണമതിൽ കാട്ടി
എന്തിട്ടുമെന്തേപോരേ

വേദാന്തമതിസ്ഫുടം
കാട്ടുന്നു മിഥ്യയായ് ലോകം
വേണ്ടവരങ്ങതറിയട്ടേ
വേണ്ടവരറിയുമെ

ഓം

ശ്രീ ഗുരവേ നമഃ

ഉണ്മയുമില്ലായ്മയും
എങ്ങനങ്ങറിയും കുഞ്ഞേ
പ്രളയമില്ലായ്മയല്ലാ
അവിടെയും കേൾക്കുന്നുണ്ട്
പരമാത്മാവിൻ കഥ
മായയുമൊന്നിപ്പിച്ചു
ശബ്ദിപ്പൂ വേദം പോലും

പരമാത്മാ ഉണ്മയാണ്
മായയതില്ലായ്മയല്ലാ
ശൂന്യമതാവുന്നില്ലാ
അവ്യക്തം ശൂന്യമല്ലാ
അവ്യക്തേ മഹത്തത്വ
മതുണ്ടാകുന്നില്ലേ

പൂജ്യവും ശൂന്യമല്ലാ
പൂജ്യമതൽപ്പ സാരത്തെ
വിപുലസാരമായ്
മാറുന്നതറിയുന്നില്ലേ

ഉണ്മയേ നോക്കു കുഞ്ഞേ
നോക്കിയാൽ കാണുകില്ല
കാണുവതുണ്മ അല്ലാ
കാണുമവനേ ഉണ്മയാവൂ
കാണുമവനെ കാണുകില്ല.

ഇന്ദ്രിയമുണ്മയല്ലാ
മനസ്സതുമുണ്മയല്ലാ
ബോധമതില്ലെന്നാകിൽ
മാനസമെവിടെക്കാണും

കാണില്ല കേൾക്കില്ല
രസമില്ല മണമതില്ല
സ്പർശമതുലേശമില്ലാ
ബോധമേ ഉണ്മയാവു
ബോധിപ്പാൻ പൊരുളെവിടെ?
ബോധന മാധ്യമമെവിടെ?
ബോധിപ്പതാരുവാൻ പോൽ

ആകാശം പാത്രമത്രേ
ശബ്ദകുടങ്ങളത്രേ
ആത്മാവു കുടമതാമോ
ബോധപാനീയവാഹിയോ?

ബോധം രസമതായ് ചൊല്ലുന്നുണ്ട്
ആത്മാനന്ദ രസമതാണല്ലോ
ബോധാനന്ദ രസവുമതത്രേ
പിന്നെങ്ങനെ പാത്രഭാവം

രസിപ്പതാരാണെടോ
രസമങ്ങാർക്കാണെടോ
അത്ഭുത പ്രതിഭാസമേ
നിന്നെ എങ്ങനാരറിയും?

നിന്നെ മാത്രമറിഞ്ഞാകിൽ
സർവ്വ അറിവതാകുമേ
പാടുപാടു മനമേ
ഉറക്കെ പാടു മനമേ
പേടിക്കാൻ കാര്യമില്ല

ഓം

ശ്രീ ഗുരവേ നമഃ

തത്തേ! പാട്ട തത്തേ!
പാട്ടുപാട്ട തത്തേ!
അന്യനില്ലായ ടത്തു്
ഏകാകിയായിരിക്കും
സാധുക്കളാശ്വസിക്കാൻ
പാട്ടുപാട്ട്
തത്തേ പാട്ടുപാട്ട്

വൃക്ഷലതാദിപോലും
മിണ്ടുന്നില്ലവരോട്ട്
കാററടിച്ചുല്ലസിച്ച
കളിക്കയാവാം

എല്ലാം വെടിഞ്ഞവർക്കു്
ഏതാണു ബാക്കി തത്തേ!
ആരാണു ബാക്കി തത്തേ!

ബ്രഹത്തായ ബ്രഹ്മംപോയി
ആത്മാക്കളായതെന്നു്
പഞ്ചഭൂതച്ചെളി കുഴച്ചു്
പരുവമാക്കപ്പെട്ടതോ നീ
അതോ അകത്തുകേറി
ഇരുന്നവനോ
പാട്ടതത്തേ ആ പാട്ടുപാട്ട്

പരിപൂർണ്ണ ബ്രഹ്മമത്തു്
ആത്മാവായ് മാറിയതെന്നു്

പർമാത്മാവായതിന്നു്
വിട്ടപണി തുടങ്ങിയതെന്നു്.
നീയിവ അറിയുന്നാകിൽ
പാടുതത്തെ ആ പാട്ടുപാടു്

'ഓ'മെന്ന ധ്വനിയതും
തത് ആയി നിൽപ്പവനും
സത്തായിട്ടറിവവനും
ഒന്നെന്നു പറയും തത്തേ
പാടുതത്തെ ആ പാട്ടുപാടു്

ശ്രീപരാശക്തി തൻെറ
ആനന്ദമായറിയും തത്തേ
പാടുതത്തേ ആ പാട്ടു പാടു്

സർവതന്ത്ര സ്വതന്ത്രനു്
അടിമച്ചങ്ങലയിട്ട -
തെന്നെന്നങ്ങറിയു -
മെങ്കിൽ പാടു തത്തെ
ആ പാട്ടുപാടു്

ആദി ആദികാലമതിൽ
പരമാത്മാവുണ്ടുപോലും
ആദി ആദികാലമതിൽ
മായയതുമുണ്ടുപോലും

ആദി ആദികാലമതിൽ
പ്രപഞ്ചമതുമുണ്ടുപോലും
ആദി ആദികാലമതി
ലാത്മാക്കളുണ്ടൊട്ടേറെ

പരമാത്മാ സ്വതന്ത്രനത്രേ
മായയും സ്വതന്ത്രയത്രേ

പ്രപഞ്ചവും സ്വതന്ത്രമത്രേ
ആത്മാക്കൾ മാത്രം അടിമകൾ
നിത്യനരകികൾപോലും
എന്തു പിഴചെയ്തിട്ടാവോ
നിത്യനരകം വിധിച്ചതു്

പാട്ട തത്തെ അത്തു
കള്ളമെങ്കിൽ പാട്ടതത്തേ
അത്തു പറക തത്തേ!

ഓം

ശ്രീ ഗുരവേ നമ:

കവികളെഴുതുന്ന കവിതകൾ
മോഹന മനോഹരം
സംഗീതാലാപനമെത്ര മനോജ്ഞം
മൃദംഗമതടിക്കുന്നു മോഹനം

നിശ്ശബ്ദലയനവും ആനന്ദേ
ലയിച്ചോരു മഹത്താം സദസ്സും
എത്ര എത്ര ദിവ്യം
ആരാലും പ്രശംസിതം

ശ്രീധരനങ്ങെഴുതുന്ന
പച്ചപ്പുരമാത്മത്തെ
പാളമേലടിക്കുന്നു
പിള്ളരങ്ങയും നീളേ

ഡാൻസുണ്ട വാദ്യമുണ്ട്
തകിലുണ്ട് തമരുയുണ്ട്
പരിസരമറവിയുണ്ട്
തണ്ടില്ല തടസ്സമില്ല

ഊണില്ലുറക്കമില്ല
ആനന്ദമഹോൽസവം
എത്രമേലാസ്വാദ്യമോ?

മോഹന മഹാഗാനേ
ആനന്ദ ലഹരിയുണ്ടാം
പരിസരമറവിയുണ്ടാം
ശാസ്ത്രനിപുണത കാണാം
ഈശ്വര വിലാസമോ
സുസ്ഫുടം കാണാമെടോ

ആത്മ പൊരുളേ
ത്വമേ തത്തേ
അസി അത്തു കേവല പരമാത്ഥം
ആയത്തു കേവല പരമാത്ഥം

ബോധപ്പൊരുളേ
അഖണ്ഡ രസമേ
അനന്ത വിജ്ഞാന
വിശിഷ്ടപ്പൊരുളേ

പ്രജ്ഞാ പൊരുളേ
ബോധാനന്ദമേ
ബോധരാസാമൃത
ആത്മാനന്ദമേ
അഹമായ് നിൽക്കും
ഞാനേ അറിവേ
മറമാറി ഞങ്ങൾ
തെളിയട്ടെ

തെളിയട്ടെ ഞങ്ങൾ തെളിയട്ടേ
പരം പൊരുളായ് ഞങ്ങൾ
തെളിയട്ടേ

എൻ വാചകങ്ങളാർക്കും
പഠിക്കാനുള്ളതല്ലാ
വായിച്ചും തീർത്തിടേണ്ടാ
ആനന്ദ ഹൃദയങ്ങൾ
പുളകതിമിർപ്പോടെ
ആറാടി വിലസീടും
പുഴകൾപോലെയുള്ള
വരകൾ മാത്രമിതു്
കവിതയേ അല്ലായിതു്
കാവ്യമേ എഴുതീട്ടില്ല

പാളമേൽ കൊട്ട കഴിഞ്ഞു
അയ്യത്തെ ഉൽസവംനിന്നു
കഴഞ്ഞങ്ങു ചെല്ലുന്നേരം
ചക്കക്കുരു ചുട്ടതായാലും
പയറലകൽപ്പമതാകിലും
ഭക്ഷണത്തിനു പ്രയാസം
പേറുമമ്മ തരികിലെത്ര സ്വാദ്

തണുപ്പത്തെങ്ങാനും
ഇരുന്നു കളിച്ചോണ്ണും
എന്നുള്ള വചസ്സും ഭേരി
തൻമകൻ പോയീടുമ്പോഠം

കണ്ണുകഠം നനഞ്ഞങ്ങു
പുഴയായൊഴുകീടും
ആയതു കണ്ടെന്നാലോ
പുത്രനമൊഴുക്കീടും
അങ്ങനങ്ങു കഴിഞ്ഞോളും
ഈ ഇവൻ സാധു സാധു.

ഉണ്ണാൻ നീ തന്നാലും
പച്ചച്ചോറൂട്ടിയാലും
ഉണ്ണാനില്ലെന്നു വന്നാലും
സാധുവിനൊപ്പമൊപ്പം

ആനന്ദ ആറാട്ടിനാൽ
ആനന്ദ പ്രവാഹേന
സഞ്ചരിച്ചീടുമേ സാധു.

ഓം

ശ്രീ ഗുരവേ നമ:

# സാംഖ്യം ശ്രീധരപ്രകാരം

സാംഖ്യത്തോട് യഥാക്രമം കൂട്ടിച്ചേർക്കുന്നതിനു വേണ്ടി വിപ്രതിപത്തി കൂടാതെ എല്ലാ തത്വ വിഭാഗത്തെയും പരിചിന്തനം ചെയ്യാം. ചാർവാക സമ്മതമുള്ള യുക്തിവാദംപോലും ദർശനങ്ങളെ വേണ്ടുവോളം സഹായിക്കുന്നുണ്ട്. മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ ദർശനങ്ങളുടെ സംരക്ഷണ പ്രവർത്തനംപോലും അതു് നിർവഹിക്കുന്നുണ്ട്. മുമ്പിനാൽതന്നെ പ്രതിപാദിക്കപ്പെട്ട ഈ വിഷയത്തിലേക്ക് അധികം കടക്കുന്നില്ല.

സുപ്രസിദ്ധവും സർവസമ്മതവുമായ ന്യായദർശനമാകട്ടെ, പ്രമാണ, പ്രമേയ, സംശയ, പ്രയോജന, ദൃഷ്ടാന്ത സിദ്ധാന്താവയവ, തർക്കനിർണ്ണയ, വാദ, ജൽപ്പ, വിതണ്ഡ, ഹേത്വാഭാസ, ഛല, ജാതി, നിഗ്രഹ, സ്ഥാന ഇവകളം മുഖേന തത്വജ്ഞാനപ്രകാശം നിർവഹിച്ച് ശ്രേയോ പ്രാപ്തി അഥവാ മോക്ഷ പ്രാപ്തിയിലെത്തിക്കുന്നു. അതായതു് മേൽപറഞ്ഞ സാധനങ്ങളുടെ സുനിശ്ചിതാത്ഥത്തെ വേണ്ടപോലെ ഗ്രഹിച്ചാൽ ശ്രേയോമാർഗ്ഗ പ്രാപ്തി കൈവരുമെന്നു താൽപ്പര്യം.

വൈശേഷികമാകട്ടെ - ധർമ്മവിശേഷ പ്രസൂതാദ് ദ്രവ്യഗുണകർമ്മ- സാമാന്യവിശേഷ സമവായാനാം, പദാത്ഥാനാം. സാധർമ്യ, വൈധർമ്യാഭ്യാം, തത്വജ്ഞാനാനി ശ്രേയസം ഈ പറഞ്ഞിരിക്കുന്ന തത്വങ്ങളുടെ ജ്ഞാനം വേണ്ടപോലെ ഗ്രഹിച്ചാൽ ശ്രേയോമാർഗ്ഗ പ്രാപ്തിയുണ്ടാം.

സാംഖ്യത്തിൽ ത്രിവിധ ദു:ഖങ്ങളുടെ അത്യന്ത നിവൃത്തിതന്നെയാണ് അത്യന്തപുരുഷാത്ഥമെന്നു

അവർ കരുതുന്നു. അങ്ങനെ പുരുഷന്റെ മോചനംതന്നെ ഈ ശാസ്ത്രവിഭാഗവും പ്രവചിക്കുന്നത്. ഇത് സംഖ്യാ പരിഗണന പ്രകാരമെന്നു പറയുന്നുണ്ട്. സംഖ്യാജ്ഞാനമാണ് സാംഖ്യമെന്ന ഒരു വാദമുണ്ട് സത്കാര്യവാദമാണ് സാംഖ്യമെന്ന് മറ്റൊന്ന് ഇതു നെല്ലാമപോൽ ബലകമായി ചില കാര്യമാത്രമായ തെളിവുകളും കാട്ടാൻ കഴിയും. ഇതെല്ലാമിതിന്റെ നാനാമുഖങ്ങളെന്നേ കാണേണ്ടതുള്ളു. ശരിക്കും വിശകലനം ചെയ്തു കണക്കിലെടുത്തിട്ടുള്ള തത്വസംഹിതയത്രേ സാംഖ്യം. ഇതിനെ ആരും എതിർക്കുന്നുമില്ല.

സാംഖ്യത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു വസ്തുതകൾ പുരുഷനും പ്രകൃതിയുമത്രേ. ഇത് വേദവേദാന്ത സമ്മതവുമാണ്. ഇതിലെ പുരുഷ നാനാത്വത്തെ വേദാന്തമേ എതിർക്കുന്നുള്ളു. ഇപ്രകാരേണയുള്ള ഒരു കാൽവെപ്പോടെ സാംഖ്യം രംഗപ്രവേശം ചെയ്യുകയാണ്.

പുരുഷനും പ്രകൃതിയുംഎല്ലാക്കാലത്തുമുള്ളവയാണ്. ഒന്നൊന്നിനെ സൃഷ്ടിക്കുന്നില്ല. സൃഷ്ടിവാദം സാംഖ്യ സമ്മതവുമല്ല. മറിച്ച് അതു തികച്ചും പരിണാമ സിദ്ധാന്ത പരമായി വ്യാഖ്യാനിക്കപ്പെടുകയാണ് ലോകത്തെ. ഇവർ പുരുഷനിൽനിന്നും പ്രകൃതിയോ ഒന്നും ഉണ്ടാകുന്നതായി കാട്ടുന്നില്ല. എന്നാൽ പ്രകൃതിയിൽനിന്നും അവ്യക്തവും അവ്യക്തത്തിൽനിന്നു മഹത്തത്വവും, മഹത്തത്വം വികാരോന്മുഖമായി അഹങ്കാരവും അതിൽനിന്നും ത്രിഗുണങ്ങളും തത്ജന്യമായി പഞ്ചഭൂതങ്ങളും, പ്രപഞ്ചവും എന്നു വേണ്ട സർവവും വന്നുകൂടുന്നതായി വിവരിക്കുന്നു. ഇങ്ങനെയുള്ള ഒരു വികസനവാദമാണ് അവർക്കംഗീകാര്യം.

ശബ്ദസ്പർശരൂപരസഗന്ധ ഗുണങ്ങളും ഈ ഗുണമാത്രകളാൽ സൂക്ഷ്മപഞ്ചഭൂതങ്ങളും ഉൽപ്പന്നമാകുന്നു. അതുപോലെതന്നെ മഹത്വത്തിൽനിന്നും മനനാദി

ശക്തിവിശേഷമുൾക്കൊള്ളുന്ന മനസ്സും, ബോധ വൈശിഷ്ട്യമേറുന്ന ബുദ്ധിയും, സ്വാത്മജടിലമായ അഹംഭാവത്തോടുകൂടിയ അഹങ്കാരവും, സ്മൃതിയെ ചെയ്യുന്ന സ്മരണമണ്ഡലമായ ചിത്തവും, അന്തക്കരണ ചതുഷ്ടയമെന്ന നിലയിൽ വെവ്വേറെ സ്ഥാനങ്ങളിൽ നില ഉറപ്പിച്ചു നിലകൊള്ളുന്നു.

ആയതുപോലെ പഞ്ചപ്രാണനും അതുപോലെതന്നെ വിശിഷ്ടശക്തിയോടുകൂടിയ ഉപപ്രാണനും അവയെല്ലാം സുവ്യക്തനും പുരുഷ ശരീരേ പ്രകൃത്യംശമായി നില ഉറപ്പിച്ചിട്ടുണ്ട്.

ഇങ്ങനെയുള്ള തൊണ്ണൂററാറു തത്വങ്ങളെപ്പററി പ്രതിപാദിക്കുകയും അംഗീകരിക്കുകയും സാംഖ്യം ചെയ്യുന്നുണ്ട്.

സാംഖ്യത്തിലെ സത്തും വേദാന്തത്തിലെ സത്തും തമ്മിൽ വ്യത്യാസമുണ്ട് ഒന്നു ജഡപ്രധാനമാണ്. മറേറതു് ഓം തത് സത്തിലെ ബ്രഹ്മവാചിയായ ചൈതന്യസത്താണ്. അതും ഓം എന്നതും തത് എന്നതും പര്യായങ്ങളാം തന്നെയാണ്. ആക കൊണ്ടാണ് ഓം തത് സത് എന്ന വാക്യം വന്നുകൂടിയതു്.

സത്തിൻെറ കാര്യഗണനമാത്രം എടുത്താൽ ഇതിനെ സാംഖ്യം വിവരിക്കുന്നതു് നിർദ്ദോഷമായാണ്. സത് കാര്യവാദത്തെ ഞാൻ ഒരു ഉദാഹരണംകൊണ്ടു വ്യക്തമാക്കാം. മനസ്സുകൊടുത്തു മനസ്സിലാക്കുക.

ഗണിതശാസ്ത്രത്തിലെ സംഖ്യാപരമായ പൂജ്യം സത്താണ് ശൂന്യമല്ല. ശൂന്യമാണെന്നിരുന്നാൽ പൂജ്യത്തിനുമുമ്പ് സംഖ്യയിട്ടാൽ അതിൻെറ വില ദശഗുണീഭവിക്കയില്ലല്ലോ. അതുകൊണ്ടുതന്നെ പൂജ്യത്തിനു സത്തയുണ്ടെന്നു പറയുന്നുവല്ലോ. ആ സത്ത അവ്യക്തമായി പൂജ്യത്തിൽ നിലകൊണ്ടിരുന്നു. ഒന്നു് എന്നതു് മററു സംഖ്യപോലെ ഒരു വസ്തു തത്വമാണല്ലോ. എന്നാൽ

വിലയില്ലെന്നു തോന്നിയിരുന്ന അവ്യക്തത്തിന്റെ പിൻബലം വന്നു ചേർന്നപ്പോഴാം ഒന്നു പത്താകുന്നു. ഇങ്ങനെ അവ്യക്തത്തിൽ നിന്നും മഹതത്വമാകാം എന്നു വന്നു ചേരുന്നു.

ഇങ്ങനെയുള്ള സർവപ്രധാനവും സർവകാരണ കാരണവുമായ മൂലപ്രകൃതിയിൽ നിന്നും ത്രിവിധങ്ങളായ ദു:ഖവും അതിന്റെ ആത്യന്തികമായ നിവൃത്തിയുമാണ് സാംഖ്യ പ്രതിപാദ്യം.

അതുപോലെ മറ്റൊരു ഉദാഹരണം കൂടി കാട്ടാം. ഒന്നെന്നതു് തീകച്ചും അവ്യക്തമാണ്. ഒന്നിനെ നിർവചിക്കുക അസാധ്യമാണ്. നിർവചിക്കുവാൻ പാടില്ലാത്തതു് അഥവാ അനിർവചനീയമാണല്ലോ അവ്യക്തം. ഒന്നിനെ നിർവചിച്ചാൽ ഒന്നു് ആ നിർവചനത്തിൽ കടന്നുകൂടും. ഇങ്ങനെ ആ നിർവചനം അസാദ്ധ്യമാകും. ഇ പ്രകാരമുള്ള അടിസ്ഥാനമില്ലാത്തതിനെന്തുറപ്പ് എന്നു ചോദിച്ചാൽ സർവശാസ്ത്രവും പടുത്തുയർത്തിയിരിക്കുന്നതിലാണ്. ഇതു സാദ്ധ്യമാണെന്നു് ഞാൻ മുൻ ഉദാഹരണത്തിൽ തെളിയിച്ചുവല്ലോ. ഇത്രയും പറഞ്ഞതു് ഇപ്രകാരേണ തന്നെയാണ് അനിർവചനീയമായ പരമാത്മാവിൽനിന്നും പൂജ്യംപോലുള്ള അവ്യക്തവും മഹതത്വവും മററുമുണ്ടാകുന്നതു്.

ഇനിയും നമുക്ക് സാംഖ്യത്തിന്റെ തത്വഭാഗത്തേക്കൽപ്പം കടക്കാം.

'നാ കാലയോഗതോ വ്യാപിതോ,
നിത്യസ്യ സർവസംബന്ധാത്''

നിത്യമായ ആത്മാവ് കാലയവനികക്കുള്ളിലുള്ള സർവത്തോടും സംബന്ധപ്പെട്ടാലു, ബദ്ധനാകുകയില്ല. സർവവ്യാപിയായ ആകാശം മേഘാവൃതമായാലും അല്ലെങ്കിലും കളങ്കപ്പെടുന്നില്ലാത്തതുപോലെയെന്നു കാണണം.

'നാവസ്ഥതോ ദേഹ ധർമ്മതവാത് തസ്യാ:
ആയപോലെ ദേഹസംബന്ധി ആയ ബാല്യംയൗവനം തുടങ്ങിയ അവസ്ഥകൾ ആത്മാവിനു ബാധകമല്ല.

'അസംഗോയം പുരുഷ ഇതി'

പുരുഷൻ അഥവാ ആത്മാ അസംഗനാണു്. ഒന്നിനോടും പററുതലില്ലാത്തവനാണു്.

'പ്രകൃതി നിബന്ധനാച്ചേന്ന തസ്യാ
അപി പാരതന്ത്ര്യം'

പ്രകൃതിക്കു പാരതന്ത്ര്യമുള്ളതുകൊണ്ടു് അതിനു് ആത്മാവിനോട്ട് ബന്ധമുണ്ടെന്നതു് സമ്മതമല്ല.

'ന നിത്യ ശുദ്ധ ബുദ്ധ മുക്ത സ്വഭാവസ്യ
തദ്യോഗസ്തദ്യോഗാദൃതേ'

നിത്യശുദ്ധബുദ്ധമുക്തസ്വഭാവവുമായി യോഗപ്പെട്ടിരിക്കകൊണ്ടു് പ്രകൃതി ഇതുമായി യോഗപ്പെടാൻ സാദ്ധ്യതയില്ലായ്കയാൽ അപ്രകാരേണ യോഗം സംഭവിക്കുന്നില്ല.

'നാ വിദ്യാതോത്യ വസ്തുനാ ബന്ധായോഗാത'

അവിദ്യയാകുന്ന ഒത വസ്തു ഇല്ലാഴികകൊണ്ടു് അതിൽ നിന്നും ഒരു ബന്ധയോഗമുണ്ടാകുകയില്ല.

ഇപ്രകാരമുള്ള തത്വങ്ങൾ വേദത്തോടും വേദാന്തത്തോടും വളരെ അടുത്തു ചേർന്നു പോകുന്നവയാണു്. വേദത്തിൻെറ കാതലായ ഒരു ഭാഗമാണു് ഗായത്രീമന്ത്രം.

'ഓം ഭൂർ, ഭുവ, സ്വ, തത്,
സവിതുർ, വരേണ്യം,
ഭർഗോ, ദേവസ്യ, ധീമഹി,
ധിയോ, യോന:, പ്രചോദയാത്''.

പരമാത്മ നാമം തന്നെയാണു് ഓം എന്ന സർവമന്ത്രകാരണനായ ദിവ്യമന്ത്രം. ഇതു് സർവശ്രേയസ്കരം

ക്കൊള്ളുന്നതാകുന്നു. ഭവത്തിനേയും കടന്നുപോകേണ്ടതായ അന്തരീക്ഷാദിലോകങ്ങളേയും, പ്രാപിക്കേണ്ടതായ സ്വലോകമായ, സ്വർഗ്ഗലോകമാകുന്ന ആത്മലോകത്തേയും ഉൾക്കൊള്ളുന്നതാകുന്നു. അപ്രകാരേണയുള്ള തത്', പരമാത്മപര്യായംതന്നെ ആയ അത്, സർവ പ്രപഞ്ചാടിസ്ഥാനമായി നിലകൊള്ളുന്ന ആ സവിതാ സർവാദരണീയനാകകൊണ്ട് ആദരിക്കേണ്ടവനാണ്. ജ്യോതിസാം ജ്യോതി, സർവത്തേയും പ്രകാശിപ്പിക്കുന്ന പ്രകാശത്തെ ചിദേകരസത്തെ കാട്ടിക്കൊടുക്കുന്ന ബുദ്ധിയാണ്. അപ്രകാരമുള്ള ആ സവിതാ എന്റെ ബുദ്ധിയെ ഉത്തമമാർഗ്ഗത്തിലേക്കു നയിക്കട്ടെ. ഇങ്ങനെ ഇവിടേയും പരമാത്മ പദത്തിലേയ്ക്ക് നയിക്കാൻ പ്രാർത്ഥിക്കലാണല്ലോ നടത്താൻ പറയുന്നത്.

ഇനിയും വേദാന്ത മാർഗ്ഗത്തിലെയ്ക്കൊന്ന് എത്തിനോക്കാം

ഓം

'ഹരി: ഓം മിത്യേദക്ഷരമിദംസർവം
തസ്യോപവ്യാഖ്യാനം, ഭൂതം, ഭവദ്,
ഭവിഷ്യദിതി സർവമോങ്കാര ഏവ.
യച്ചാന്യത്ത്രികാലാതീതം തദപ്യോങ്കാര ഏവ.'

ഓം എന്നറിയപ്പെടുന്ന ഈ അക്ഷരം, ഈ നാശരഹിതൻ, ഈ അവിനാശി, ഈ കാണുന്നതായ സർവവുമാകുന്നു. അതിന്റെ വ്യാഖ്യാനമെങ്ങനെയെന്നാൽ ഭൂതം-ഭവിച്ചത്, ഭവദ്-നിലവിലുള്ളത്, ഭവിഷ്യത്-വരാനിരിക്കുന്നത് ഇപ്രകാരമുള്ള സർവവും ഓങ്കാരം തന്നെയാകുന്നു. മാത്രമല്ല, ത്രികാലാതീതമായി വല്ലതുമവശേഷിക്കുന്നുവെങ്കിൽ ആയതും ഓങ്കാരം തന്നെയാണ്.

'സർവം ഹ്യേതത് ബ്രഹ്മ
അയമാത്മാ ബ്രഹ്മ
സോയമാത്മാ ചതുഷ്പാത്'

അപ്രകാരമുള്ള ആ 'ഓം' ബ്രഹ്മംതന്നെയാണ്. ഈ ആത്മാ ബ്രഹ്മംതന്നെ. അങ്ങനെയുള്ള ഈ ആത്മ നാലുവിഭാഗീയ അറിവുകളോടുകൂടിയതായിട്ടറിയപ്പെടുന്ന ഇവിടേയും ആത്മാവിനു ഭ്രഷ്ടപററയെന്നു തോന്നിയെങ്കിൽ അഥവാ തോന്നുന്നുവെങ്കിൽ ആയതിനെ തിരുത്തി ഈ ആത്മാ ബ്രഹ്മംതന്നെ എന്ന വെളിവ് സ്വ സുസ്പുടം നൽകുകയത്രേ വേദാന്തവാദവും ചെയ്യുന്നതു്.

ഇങ്ങനെ തൽക്കാലം നിൽക്കട്ടെ. വീണ്ടും നമുക്ക് സാംഖ്യത്തിന്റെ വിശേഷ വിധികളിലേക്കൽപ്പം കടക്കാം.

ഇനിയും നമുക്ക് സാംഖ്യബീജത്തിൽനിന്നും സാംഖ്യ ഉടലിലേക്കും കടക്കാം.

'ഉത്കർഷാദപിമോക്ഷസ്യ
സർവോത്കർഷശ്രുതേ'

ഇതു് അത്യന്തം പ്രധാനമായ ഒരു സൂത്രമാണ്. ചിററിമ്പത്തെ അപേക്ഷിച്ച് എത്രയോ മഹത്താണ് മോക്ഷസുഖം എന്ന അഭിപ്രായം എത്ര സ്പുടം ചെയ്താണ് മേൽ പറഞ്ഞ സൂത്രത്തിൽകൊണ്ടുവന്നിരിക്കുന്നതു്. ധനം, ധാന്യം, രാജ്യം സമ്പത്തിയോ, സ്വർഗ്ഗാദി ലോകങ്ങളോ ഒന്നുംതന്നെ നിത്യ, നിർമ്മുക്ത, സമാനമല്ല എന്ന് എത്ര മനോഹരം വിളിച്ചറിയിക്കൽ.

'ന സ്വഭാവതോ ബദ്ധസ്യ
മോക്ഷസാധനോപദേശവിധി'

ബന്ധനാവസ്ഥ കൊണ്ടുണ്ടാക്കപ്പെട്ടതായതരെ ഉടൽതന്നെ ബദ്ധമായി നിലനിൽക്കേ. ആ അതിനെ കേവല ഉപദേശ വിദ്യകൊണ്ടോ ഒന്നും ഇല്ലാതാക്കാൻ സാധ്യമല്ല എന്നതു് ഒരുതരത്തിൽ വേദാന്തശാസ്ത്രത്തിനൊരു സമാനഗമനംതന്നെ എന്നു വ്യക്തമാകുന്നുണ്ട്.

വേദാന്തമാകട്ടെ, 'അഥാതോ ബ്രഹ്മ ജിജ്ഞാസ' എന്നു പ്രയോഗിച്ചിട്ട്. അതിനെ സാധനാ ചതുഷ്ടയ മെന്നു മാററിക്കാട്ടുന്നു തന്നെ മുൻപറഞ്ഞ സൂത്രത്തെ സൂത്രത്തിൽ തഴക ്രേ. അല്ലെങ്കി മംഗളദ്യോതക മെന്നർത്ഥം കൊടുത്തു മംഗളദ്യോതകമായ ബ്രഹ്മ ജിജ്ഞാസ ഉണ്ടാകാമെന്നു വരുത്തരുതോ? അതായത് കേവല ഉപദേശ ശ്രവണം പോരാ, ശ്രവണ, മനന, ധ്യാന, നിധിദ്ധ്യാസനങ്ങൾ ആവശ്യമെന്നു കാട്ടി തുണയ്ക്കുന്നു സാംഖ്യസൂത്രത്തെ.

അത്യന്തം പാടവത്തോടുകൂടി ക്രമീകരിക്കപ്പെട്ട സാംഖ്യ സൂത്രങ്ങൾ മീമാംസയേയോ വേദാന്തത്തേയോ അധികമൊന്നും ശല്യപ്പെടുത്തുന്നില്ല. മീമാംസയേയും വേദാന്തത്തേയും വേണ്ടുവോളം അനുകൂലിക്കുന്ന പല ഭാഗങ്ങളും കാണാൻ കഴിയും.

'അസംഗോയം പുരുഷ ഇതി'

ഈ പുരുഷൻ അസംഗനാണ്—യാതൊരുവിധ പററുതലുമില്ലാത്തവനാണ്.

'ന: നിത്യശുദ്ധ മുക്ത സ്വഭാവസ്യ
തദ്യോഗാസ്തദ്യോഗാദൃതേ'

നിത്യശുദ്ധമുക്തേ സ്വഭാവത്തോടുകൂടിയ ആത്മാവിന് പ്രാകൃതയോഗം ഉണ്ടാകാമെന്ന ആശയം ഒട്ടും ആദരണീയമല്ല.

'വാങ്മാത്രം നതുതത്വം ചിത്തസ്ഥിതേ.'

ചിത്തത്തിൽ തത്വം സ്വാനുഭവ ക്രമത്തിൽ സ്ഥിതി ചെയ്യാതിരിക്കെ തത്വം, പറച്ചിൽ മാത്രമായിരിക്കും അനുഭവാവസ്ഥയിൽ വരുകയില്ല.

'യുക്തിതോƒപിനവാധ്യതേ
ദിങ്മൂഢവദപരോക്ഷാദൃതേ'.

ദിക്ക തെററിയാൽ, അതിനു്, ചിത്തവിഭ്രാന്തി രഹിതന്റെ പറച്ചിലും, അതിന്റെ ശ്രവണം നടക്കാതെ ആ തെററു തിരുത്തപ്പെടുന്നില്ല. അനുഭവജ്ഞാനം ആവിർഭവിക്കുകയില്ല.ഇതിനെത്തന്നെയാണു് – ശ്രവണ, മനന, നിധിദ്ധ്യാസനങ്ങളെകൊണ്ടാണു് – മോക്ഷപ്രാപ്തി എന്നു വേദാന്തികളും പറയുന്നതു്. ഇവിടെ സൂത്രകാരൻ സൂചിപ്പിക്കുന്ന ദിക്ഭ്രമം അത്യന്തം നിപുണവും തന്മയത്വപരവുമാണു്. ഇവിടേക്കു നമുക്കു കടക്കാം.

ദിക്ഭ്രമമുണ്ടാകാത്തതായി ആരുംതന്നെ കാണുകയില്ലെന്നു വിശ്വസിക്കുന്നു. ദിക്ഭ്രമമുണ്ടായതെപ്പോൾ, എങ്ങിനെ, എന്നൊന്നും അറിയുക പ്രയാസമാണു്. സ്വപ്നം കണ്ടുകിടക്കുന്ന ഒരുവൻ സ്വപ്നവൃത്തിയിൽ നിന്നുടർന്നു ജാഗ്രത്‌വൃത്തിയിൽ വരുംവരെ സ്വപ്നമെന്നപോലെയും, ദിക് വിഭ്രാന്തി ഇരിയ്ക്കും കാലം മുഴുവൻ വടക്കും കിഴക്കുമറിയാതെ വലയുംപോലെയുമാണു്, ചിത്ത വിഭ്രാന്തി വിടാത്ത ആരും ദൃശ്യവൃത്തിക്കടിമപ്പെട്ടു് സ്വർഗ്ഗലോകമായ സ്വലോകമാകുന്ന ആത്മലോകമണയാതെ വലയുന്നതു്.

ഇതിനു് ഗുരുമൊഴി ശ്രവണംമാത്രം പോരാ. അതായതു് അറിഞ്ഞു തിരുത്തിയ ആളുടെ നിർദ്ദേശം മാത്രമായാലും ശക്തമാവുകയില്ല ആ ശ്രവണത്തിന്മേൽ മനനം കൂടി ആയാലും പോരാ. അതിനെ ധ്യാനംകൊണ്ടു മുഴവിച്ചാലും പോരാ. സ്വാനുഭവമെന്ന നിധിദ്ധ്യാസനത്തിൽ തന്നെ എത്തണം.അതിനെയും ഞാനൽപ്പം കടന്നു കാട്ടാം.

താൻ തന്നെയായ ബ്രഹ്മം താനായി. നിന്ന നിലയിൽ കണ്ടു് പഴയപോലെ നി കൊള്ളുന്നുവെന്ന സ്വാനുഭവവൃത്തി ഉള്ളിൽ പ്രകാശിക്കുമ്പോൾ– തന്നിൽ പ്രകാശിതമാകുമ്പോൾ– ആത്മാ ബ്രഹ്മമെന്നു ബോദ്ധ്യപ്പെടും––മോചനം പൂർണ്ണവുമതുതന്നെ— അതുതന്നെ— സത്യം സത്യം.

ഓം

ശ്രീ ഗുരവേ നമ:

കുറച്ചു കാലങ്ങൾക്കുമുമ്പ്, ചാർവാക സിദ്ധാന്തത്തിന്റെ അന്ത:സത്തയെ പുരസ്കരിച്ച് ചില വിവരങ്ങൾ എന്റെ ഒരു ലഘുഗ്രന്ഥത്തിൽ വിവരിക്കുകയുണ്ടായി. അൽപ്പം ചില സൂചനകൾക്കൂടി നൽകാം.

ഷഡ്ദർശന പരമ്പരയിൽഉൾക്കൊള്ളിച്ചിട്ടില്ലാത്ത ഈ സിദ്ധാന്തത്തെ സാധാരണ ആരും മതിക്കായ്ക കൊണ്ട് ഇതു് കേവലം യുക്തിവാദത്തിൽ മാത്രം കടികൊള്ളുകയാണു്.

ഇതിനു് ഒരു സൂത്രം ബ്രഹസ്പതി നാമധാരി ആയ ഒരാചാര്യൻ എഴുതിയിട്ടുണ്ട് എന്റെ നിഗമനത്തിൽ ദേവ ഗുരുവായ ബ്രഹസ്പതിതന്നെയെന്നു വന്നു കൂടുന്നുണ്ട്. ഒരു ബ്രഹസ്പതി സ്വഭ്രാതൃ ഭാര്യയിൽ പുത്രോൽപ്പാദനം ചെയ്യാൻ ശ്രമിക്കയും അപ്പോൾ ഗർഭത്തിലുണ്ടായിരുന്ന ശിശു ശുക്രം ചവുട്ടി തള്ളുകയാൽ അതു് സാധിക്കാതെ പോയി എന്നും പറയപ്പെട്ടിട്ടുണ്ട്. പുരാണ പ്രസിദ്ധനായ ദേവഗുരു തന്റെ ശിഷ്യനായ ചന്ദ്രനാൽ വഞ്ചിക്കപ്പെടുകയും സ്വശിഷ്യൻ ഭാര്യയുമായി കടക്കുകയുമുണ്ടായ സംഗതി പുരാണ പ്രസിദ്ധമാണല്ലോ. ഈ ഭാര്യയെ തിരിച്ചു കിട്ടുവാൻ വളരെ മഹത്തുക്കളെ ശരണം പ്രാപിച്ചതിന്റെ ഫലമായി അവരുടെ നിർദ്ദേശാനുസരണം മനസ്സില്ലാ മനസ്സോടെ തിരിച്ചേൽപ്പിക്കുകയുമുണ്ടായല്ലോ. ഈ താരയിൽ അതിമനോഹരനായ ഒരു കുട്ടി ജനിക്കുകയും കുട്ടിയുടെ പിതൃത്വം ബ്രഹസ്പതിയും ചന്ദ്രനും അവകാശപ്പെട്ട് വീണ്ടും വക്കാണത്തിലായപ്പോൾ ദേവകൾ പിതാമഹനോടു പരാതിപ്പെട്ടതനുസരിച്ച്, അദ്ദേഹം താരയിൽനിന്നും വിവരം ലഭി

ച്ച് കഞ്ഞിനെ ചന്ദ്രനെ ഏൽപ്പിച്ച് താര ബ്രഹസ്പതിയോടൊന്നിച്ച താമസിച്ച കൊള്ളവാനുമനുവദിച്ചു.

ഇതുപോലെതന്നെ ദേവാസുര യുദ്ധത്തിൽ ജയിച്ച ദേവകളെ തോൽപ്പിക്കുവാനും, സ്ഥിരമായി തോൽപ്പിക്കുവാൻ വേണ്ടിയുമായി ശുക്രാചാര്യൻ ഉഗ്രമായ തപസ്സു ടങ്ങിയതറിഞ്ഞ് ആരുമാരുമറിയാതെ ശ്രീവാസവൻ തന്റെ മകളായ ജയന്തിയെ ശുക്രാചാര്യ പരിചരണത്തിന പറഞ്ഞയച്ച് ശുക്രാചാര്യരുടെ തിരിച്ചുവരവിന കാലതാമസം വരുത്തി, ആ തക്കംനോക്കി ശ്രീ ബ്രഹസ്പതി ശുക്രനായി, അസുരഗുരുവായി വാണ് അസുര മനസ്സിൽ താൻതന്നെ യഥാത്ഥ ശുക്രാചാര്യരെന്ന വരുത്തി തീർത്തു. യഥാത്ഥ ശുക്രാചാര്യൻ ദീർഘതപസ്സും കഴിഞ്ഞു വന്നപ്പോഠം രണ്ടുപേരുമായുള്ള തർക്കത്തിൽ അസുര മനസ്സിൽ യഥാത്ഥ ശുക്രാചാര്യരായി കാട്ടാൻ ശുക്രനെക്കാഠം ബ്രഹസ്പതിക്കള്ള സാദ്ധ്യത കണ്ട് കോപിഷ്ഠനായ ശുക്രൻ അസുരരെ ശപിച്ച് അവർക്കുള്ളതുപോലും നഷ്ടമാക്കി തീർക്കാനിടവരുത്തി.

ഇങ്ങനെ അസുരരുടെ താൽപ്പര്യവും തെററിച്ചതു് 'ലോകായതികം ന്യായ'മൊന്ന മാത്രമാണ്. വിജയത്തിനും ശക്തിക്കും നിലനിൽപ്പിനവേണ്ടി കൃത്രിമവും കളവുമാകാമെന്നതാണ് ഇവിടെ അംഗീകാര്യം. അതായതു് പ്രധാന വിജയം അവസാന വിജയം.

ഈ സിദ്ധാന്തത്തിലെ മാനുഷിക മൂല്യങ്ങളെ അൽപ്പം വിചിന്തനം ചെയ്യാം. എല്ലാ സ്മൃതികളും യുക്തിവാദത്തിന്റെ സന്തതികളാണ്. കാലാകാലങ്ങളിൽ വരുന്ന വ്യത്യാസങ്ങളെ കണക്കിലെടുത്തു് വിചിന്തനം ചെയ്തിട്ടുതാണ് സ്മൃതികഠം. പാരമാത്ഥിക സത്തയിൽ ഇതിനു കഴമ്പില്ലെങ്കിലും വ്യാവഹാരിക സത്തയിൽ ഇവൻ ബലവാനാണ്. പുരാണകഥകളൊട്ടുമുക്കാലും ഇതിന്റെ തണലിലാണ്. ഒരു പിതാവ് ഒരു

കുട്ടിയെ വിവാഹം ചെയ്യിച്ച് ഒരുത്തനോടയയ്ക്കാമെന്നു വാക്കു കൊടുത്തു. എന്നാൽ അവൻ കാസരോഗിയോ, കുടിയനോ ഭ്രാന്തനോ ആണെന്നു കണ്ടാൽ അയാൾക്കു് ആ വാക്കു മാററി പറയാം. ഇതു് ശുക്രനീതിയാണു്, പിതാവിനു സംഭവിച്ചുപോയ ഒരു പിശകിനു് ഒരു ജീവി ആജീവനാന്തം തീ തിന്നണമെന്നു വരുന്നുവെങ്കിൽ ആ വാക്കുമാററം അവിടെ എത്രയോ ഉൽകൃഷ്ടമാണു്. എത്ര ഭ്രൂണമാണതു ചെയ്യുന്നതു്? ഇതിനെ സദാചാരമാണെന്നു പറഞ്ഞു തടയുന്നുവെങ്കിൽ മഹാപാപി ആരാണു്? സദാചാരമാണെന്നു പറയുന്ന വാക്കു പാലകനോ — അനേക ദശവർഷം ദുരിതമോചനം നടത്തുന്ന ഒരു പിതാവോ?

അന്യജീവികളെ ഒരുറുമ്പിനെവിട്ടു കടിപ്പിക്കുവാൻ പോലും വേറൊരുവനവകാശമെവിടെ? അഹിംസ ഏററവും പരമമായ ധർമ്മമെന്നിരിക്കെ അതിനെ കളഞ്ഞു കുളിച്ച് ഏതു ധർമ്മത്തിന്റെ പുറകെയാണു് മാനവരാശി പായേണ്ടതു്?

ഒന്നിനെ ചിന്തിക്കുമ്പോൾ അതുമാത്രം ശരിയെന്നു കരുതരുതു്. അങ്ങനെയായാൽ നാം 'നമ:ശിവായമജിസ്ട്രേട്ടാകും'.

ആയതുപോലെ ആദ്ധ്യാത്മിക മൂല്യങ്ങളെ വിവേചനം ചെയ്യാതെ രാഷ്ട്രീയത്തിൽ കലർത്തരുതു്. ഇതു് ഇരുട്ടും വെളിച്ചവുംപോലെ വ്യത്യസ്ഥമാണു്.

അഹിംസ യുദ്ധത്തിനംഗീകാര്യമല്ല. അതു് സ്വജനഹിംസയും ശത്രുപാലനവും ചെയ്യും. അന്യനായ ഒററയാളെപ്പോലും ഹിംസിക്കരുതെന്ന ന്യായംതന്നെ സ്വജനനാശത്തിലും വേണ്ടതാണു് ഇതുപോലെ നൂറുനൂറുദാഹരണങ്ങൾ നമ്മുടെ ഇതിഹാസ പുരാണങ്ങൾ നിരത്തി കാട്ടുന്നുണ്ടു്. യോദ്ധാവായി യുദ്ധക്കളത്തിലിറങ്ങിയാൽ അവന്റെ പ്രധാന കർത്തവ്യം ശത്രുസംഹാരമാ

ണ്. ഇവിടെ മററുള്ളവ ഉപേക്ഷ്യമാണ്. അതിനാലാണ് സത്യധർമ്മാദി പരിപാലകനായ ധർമ്മതനൂജനെ കൊണ്ട് അശ്വത്ഥാമ ഹത' എന്ന പച്ചക്കള്ളം സാക്ഷാൽ ശ്രീ വിഷ്ണുഭഗവാൻ തന്നെയായ ഭഗവാൻ കൃഷ്ണൻ യുദ്ധജയത്തിനുവേണ്ടി പറയിച്ചത്.

ഇതിനെല്ലാം താങ്ങും തണലുമായി നിലകൊള്ളുന്നത് 'ലോകായതികം ന്യായ'മെന്ന യുക്തിവാദമാണ്

ഭാരതം സാർവത്രികമായി അംഗീകരിച്ചിട്ടുള്ളതും അതിന്റെ എല്ലാ ചിന്താ പദ്ധതികളിലും പൊതുവംഗീകാരമുള്ളതുമായ ഒന്നാണ് ലോകായതികം ന്യായമെന്ന യുക്തിവാദം.

ഇത് ഭാരതത്തിലെ പ്രത്യേക ചിന്താ വിഭാഗങ്ങളിൽ പ്രവേശിച്ച് സൂക്ഷ്മചിന്തനം ചെയ്ത് വെളിച്ചത്തുകൊണ്ടുവന്നിട്ടുള്ളതാണ് ന്യായം, വൈശേഷികം, സാംഖ്യം, യോഗം, പൂർവമീമാംസ, ഉത്തരമീമാംസ ഇവകളെല്ലം.

ഇങ്ങനെ ലോകായതികം ന്യായത്തിലെ അഥവാ യുക്തിവാദത്തിലെ 'വിശേഷവസ്തു ചിന്തനം' മാത്രമാണ് മററെല്ലാ ചിന്തകളും ശാസ്ത്രങ്ങളും.

ഓം

ശ്രീ ഗുരവേ നമ:

വൽസാ ഞാൻ ചൊന്നീട മീ
ആദിമ പുരാവൃത്തം
ശ്രദ്ധയാ കേട്ടാലും നീ

ആയതിൻ പൊരുളത്ത് സ്വാ
യത്തമായി വന്നാൽ വന്നു
ചേരുമേ മോക്ഷം

ധീരത വെടിയാതെ ബോധ
വികസിതനായി ശ്രദ്ധയാ
കേട്ടുവെന്നാൽ

നിശ്ചയം സുനിശ്ചിതം വ്യതിയാന-
മതിനില്ലെന്നറിക
മഹാമതെ

ആദിയിൽ ബ്രഹ്മം ബൃഹത്തായ്
ഏകമായ് നിന്നുനോക്കി
കണ്ടതിൻ ശക്തിയതേ
ഉജ്ജ്വല മതിവിശാലം

വ്യാപിച്ചു നിലകൊൾവതായ്
ദേശകാലങ്ങളോടും
ബൃഹത്താം ബ്രഹ്മത്തിന്റെ
ഈ ക്ഷണമെങ്ങനെന്നോ കേൾ

അണ്ഡങ്ങളതീതമായ്
സർവത്ര സർവദാ കാണ്മൂ
ഭീകരം അനന്തം ആദ്യന്ത-
ഹീനം, ജഗത്തോർക്ക

നിർമ്മലവിഹായസ്സായ്
തോന്നുമെ ചിലകാലത്തു്

തോന്നുമേ ഞെരിച്ചങ്ങു
പിഴിയുന്നതായ് ദു:ഖച്ചെപ്പിൽ
ഹാ! കഷ്ടം, വീരനാത്മാവിൻെറ
നട്ടെല്ലങ്ങെവിടെ?

ബ്രഹ്മം താനെന്ന വിമ്പങ്ങ-
വിടെ? പോയതെവിടെ?
ഈക്ഷിപ്പതോ—അണുവിലണു—
വായോരാത്മാവല്ല

ബൃഹത്തിൽ ബൃഹത്താകും
ബ്രഹ്മമാണറികനീ
ആ ബ്രഹ്മമെ അണുവിലണു—
വതായി കാണുവതും

ബ്രഹ്മത്തിന്നീക്ഷണശക്തി-
തന്നെയെടോ
ആയതു വിഴുങ്ങുമോ ബ്രഹ്മത്തെ
ഓർത്തൊന്നു നോക്കു

കുഞ്ഞുങ്ങൾ കെറിച്ചിട്ട്
നെഞ്ചത്തങ്ങടിക്കുംപോലെ
തന്നത്താനടിക്കുമോ
വിവേകമ ള്ള ജനം

ബോധത്താലറികി തല്ലാം
ബോധമുള്ളവരെല്ലാം
ആത്മാവങ്ങിക്ഷിച്ചാലും
ബോധമുള്ളാത്മാ ബോധം താൻ
ഉപാധി രഹിതം ബോധം.
ബ്രഹ്മം താൻതന്നെയെടോ

അണുവായ് തോന്നുന്നതും
ബൃഹത്തായറിവതും
മാനസവികൽപ്പത്തിൻ വില
സലാണറികെടോ

ആത്മാവിന്നണുത്വവും
ബൃഹത്വവും ഏകത്വവും
എന്നുമേ കൂടെയുണ്ടെന്നറികു
സർവനേരവും

ഇതെല്ലാമറിയുന്നവനറി
യും താനാരെന്ന്
തന്നത്താനറിയുന്നാകിൽ
മറ്റൊന്നും വേണ്ട കുഞ്ഞേ

അതു താൻ മോക്ഷമാകും
അതു താൻ കൈവല്യവും
അതു താൻ നിർവാണവും
അതു താൻ ബ്രഹ്മത്വവും.

ഓം

ശ്രീ ഗുരവേ നമ:

ഈക്ഷണ വീക്ഷണ ബ്രഹ്മമുഖേ
അതിബീഭൽസ ഭീകര കാഴ്ചയുണ്ടേ
ഈക്ഷണ വിഗണന ബ്രഹ്മമുഖേ
അതിസുന്ദര മോഹന ബോധമുണ്ടേ

ഒന്നതു ചിത്സൂര്യഘോരാതപം
മററതു ചിത്രൂപ ബോധാമൃതം
എല്ലാമേ ആത്മാതൻ ശക്തിപരം
ആയതോ ബ്രഹ്മ വിഭൂതിപരം

അണുവിന്നുമണുവതിന്നുള്ള ഉള്ളേ
അളവററ സങ്കൽപ്പ വിശാലമെടോ
അണുവിന്നുമണുവതിന്നുള്ളേ ഉള്ളേ
അളവററ ബോധമാം ബ്രഹ്മമെടോ

സങ്കൽപ്പ ഭീകര ബീഭൽസദേശം
ഭീകര നിർദ്ദയ ബന്ധികരം ദേശം
ഏവനും പെട്ടുവലയുന്നദേശം
ദല്ലാലുകാരവരൊട്ടനേകം

അവരും കുടുങ്ങി കിടക്കയാണേ
എന്നാലും നിർദ്ദയം മർദ്ദിച്ചീടും
നീചർ പെരുത്തതാം വിശാലമെടോ
ആത്മാവിൽ പററിയോരമളിയോടാ

ബോധ പടലേ കക്ഷണമില്ലാ
തരിയില്ല, മണമില്ല, രസവുമില്ലാ
രൂപം കണി കാണാൻ പോലുമില്ലാ
സ്പർശനശക്തിയോ കാണാനില്ലാ

**ശബ്ദമോ ആത്മാവിൽ ലയിച്ചുപോയോ**
**ഞാനെന്ന ഭാവവുമാത്മസ്വരൂപവു–**
**മെവിടെ എടാ**

**ബ്രഹ്മാസ്മി എന്നൊന്നു സ്മരിക്കാനാരു്?**
**അയം ആത്മാബ്രഹ്മമെന്നങ്ങറിയാനാരു്?**
**തത്വമസി അതങ്ങേൽക്കാനാരു്**
**പ്രജ്ഞാനം ബ്രഹ്മമെന്നങ്ങറിയാനാരു്**
**അതു് അഹം, അഹം, അഹം, അഹം.**

ഓം

ശ്രീ ഗുരവേ നമ:

# ശ്രീധരൻെറ യോഗാവലോകനം

ശാസ്ത്രങ്ങളെ സ്മരണമണ്ഡലത്തിൽ ധാരണയിൽ നിർത്തുന്നതിനു് സൂത്രാവതരണം അവലംബനീയം തന്നെയാണു്. സൂത്രം എന്നു പറഞ്ഞാൽ അതിൻെറ നിർവചനമെന്നപോലെ അറിയപ്പെടുന്ന ഒരു ശ്ലോകത്താൽ നമുക്കു് അതു് വ്യക്തമാകും.

'അൽപ്പാക്ഷരം അസന്ദിഗ്ധം
സാരവദി വിശ്വതോ മുഖം
അസ്തോഭ അനവദ്യം ച
സൂത്രം സൂസ്ത്ര വിദോ വിദു:'

ഇതു് പൂർവാചാര്യനിർഗമനമാണു്. എന്നാൽ ഇതിനെ നവീനരീതിയിലും ഒന്നു വിലയിരുത്താം. സിദ്ധാന്തം നിർവചന ഇങ്ങനെ രണ്ടു് അതിപ്രധാന ഘടകങ്ങൾ (Theory and Definition) ഇതിനു പുറമേ മാർഗ്ഗവും തെളിവും അത്യന്താപേക്ഷിതമാണു്. അതായതു് Method and proof ഇത്രയും കാര്യങ്ങളെ നാം കൈക്കൊണ്ടു നീങ്ങിയാൽ അത്ഭുതകരങ്ങളായ നേട്ടങ്ങൾ കൈവരിക്കാം.

നമ്മുടെ ശാസ്ത്രങ്ങളെ ആകമാനം യോഗത്തിൻെറ കീഴിൽ അണിനിരത്തുന്ന ഒരു മാർഗ്ഗമാണു് 'ഗീത' അവലംബിക്കുന്നതു്. അതിൻെറ നാമകരണം തന്നെ ഇതിനു തെളിവാണു് അർജ്ജുന വിഷാദയോഗം, സാംഖ്യയോഗം, കർമ്മയോഗം, ജ്ഞാനകർമ്മ സംന്യാസയോഗം, സന്യാസയോഗം, ധ്യാനയോഗം, വിജ്ഞാനയോഗം, താരകബ്രഹ്മയോഗം, രാജഗുഹ്യയോഗം, വിഭൂതിയോഗം, വിശ്വരൂപദർശനയോഗം, ഭക്തിയോഗം, പ്രകൃതിപുരുഷ വിവേകയോഗം, ഗുണത്രയ വിഭാഗ

യോഗം, പുരുഷോത്തമയോഗം, ദേവാസുര സമ്പദ് വിഭാഗയോഗം, ശ്രദ്ധാത്രയ വിഭാഗയോഗം, മോക്ഷ സംന്യാസയോഗം ഇങ്ങനെ ആകമാനം യോഗ സാമ്രാജ്യം തന്നെ. ഇവയെല്ലാം കൂട്ടിച്ചേർത്ത് ഒരു യോഗം എങ്ങനെ നിലനിർത്തും? ആനന്ദത്തിൻെറ വിപരീത ഘടകമായ വിഷാദം പിന്നെ ദു:ഖജന്യമായ കർമ്മം ഇവയുമായുള്ള യോഗം യോഗമാവുകയോ?

ഇതവിടെ നിൽക്കട്ടെ ന്യായസിദ്ധാന്തത്തിന്ന നിർവചനം കൊടുക്കുക, നിർവചന നിർവചനം ചെയ്യുക തുടങ്ങിയ തത്വങ്ങളെ ബലമായി പിടിച്ച് തത്വാവിഷ്കരണം ചെയ്യണമെന്ന നിർബന്ധമുണ്ട്.

'പ്രമാണ പ്രമേയ, സംശയ, പ്രയോജന, ദൃഷ്ടാന്ത സിദ്ധാന്താവയവ, തർക്ക, നിർണ്ണയ, വാദ, ജൽപ്പ. വിതണ്ഡ, ഹേത്വാഭാസ, ഛല, ജാതി, നിഗ്രഹസ്ഥാനാ, തത്വജ്ഞാനാന്നിശ്രേയസാധിഗമ " ഇത് ന്യായത്തിലെ ഏററവം പ്രധാനപ്പെട്ട സിദ്ധാന്തമാണ്. ഇതിൻെറ നിർവചനവും തെളിവുകളും ശരിക്കും പഠിച്ചു നീങ്ങുന്ന ആരും ഇതുകൊണ്ടുതന്നെ ശ്രേയസ്സിനെ പ്രാപിക്കുമെന്ന താൽപര്യം.

'വൈശേഷികമാകട്ടെ' യതോ/ഭ്യുദയാനി:ശ്രേയസ്സ സിദ്ധി സധർമ്മ' എന്ന് ധർമ്മ നിർവചനം ചെയ്ത് സിദ്ധാന്താവതരണം നടത്തുന്നു.

സാംഖ്യം - 'അത്രത്രിവിധാദു:ഖാത്യന്ത നിവൃത്തിരത്യന്ത പുരുഷാത്ഥ' എന്നോതി ത്രിവിധ ദു:ഖാത്യന്ത നിവൃത്തി ഏററവും പ്രധാനവും അന്തിമവുമായ പുരുഷാത്ഥത്തെ സിദ്ധാന്തവത്കരിച്ചു കാട്ടുന്നു.

യോഗമോ — 'യോഗചിത്തവൃത്തി നിരോധ'എന്ന കഥിച്ച് രംഗപ്രവേശം ചെയ്യുന്നു.

ഭഗവദ്ഗീതയാകട്ടെ സർവശാസ്ത്രങ്ങളേയും വിശകലനം ചെയ്ത് യോഗ സമ്മതം കാട്ടിത്തരുന്നു.

ഏങ്കിലുമറ്റും നോക്കാം. മഹത്തുക്കളുടെ വചസ്സു സത്യമർ ണല്ലോ. ഇവിടെ ഏറ്റവും പ്രയാസമേറിയത്ത് വിഷാദം യോഗമാക്കലും കർമ്മം യോഗമാക്കലുമാണല്ലോ. ഇതു രണ്ടും സാദ്ധ്യമെങ്കിൽ സാദ്ധ്യം താൻ മറ്റു പതിനാറും.

സച്ചിദാനന്ദം നഷ്ടപ്പെട്ട ഭാരതീയർക്ക് വിഷാദയോഗം ബാധിച്ച് ഇതികർത്തവ്യതാമൂഢരായി. നിരാലംബരായി കണ്ടപ്പോൾ, ആ സർവലോക കൃത്തായ ഭഗവാനജൻ തൻെറ പുത്രനായി വസിഷ്ഠനെ സൃഷ്ടിച്ചു. തന്നെപ്പോലെതന്നെ കണ്ട തൻെറ ഓമന മകനെ ഒരു ശാപത്തിനാൽ ഒരുനിമിഷനേരത്തേയ്ക്ക്, ആത്മാനുഭൂതിയായ സച്ചിദാനന്ദം വിസ്മൃതമാക്കുകയും, തദ്വാരാ വിലസി വികസിച്ചുകണ്ട ദൃശ്യം ഗോചരമാക്കുകയും ചെയ്തു. ഈ വികൃതി കണ്ട് ഭയന്നു ദു:ഖവിഹ്വലനായ പുത്രന് ജ്ഞാനോപദേശം കൊടുത്തു മുക്തനാക്കുകയു , ഇ തപോലെ ദൃശ്യം ദു:ഖസമ്പൂർണ്ണമെന്നുകണ്ട് മടങ്ങുന്ന ജിജ്ഞാസുക്കൾക്ക ജ്ഞാനോപദേശം ചെയ്‌വാനും മോക്ഷപ്രാപ്തരാക്കാനും ഒരു പരമ്പര നയിച്ചുകൊള്ളുവാനും, അല്ലാത്ത കർമ്മനിരതൻമാർക്ക് കർമ്മയോഗവും വിധിച്ചു കൊടുത്തു.

ആയപോലെ കുന്തീദേവിയുടെ ഓമനപ്പുത്രനും, സൗഭാഗ്യവാനുമായ അർജ്ജുനന്ന്, തൻെറ മുമ്പിൽതന്നെ കൊല്ലാനോ, തന്നാൽ കൊല്ലപ്പെടുവാനോ തയ്യാറെടുത്തു നിൽക്കുന്ന തൻെറ പിതാമഹനേയും, ഗുരുക്കന്മാരേയും, ശരിക്കും കാട്ടികൊടുത്ത് വിഷാദയോഗം വരുത്തുകയാണ് ശ്രീകൃഷ്ണ ഭഗവാൻ ചെയ്യുന്നതു്. ഇതോടെ വിഷാദമഗ്നനായും വിറയലുണ്ടവനായും വിയർത്തവനുമായിത്തീർന്ന അർജ്ജുനൻ ആയുധം താഴെവച്ച് ആവേശത്തോടെ ശാന്തി അന്വേഷണം തുടങ്ങലായി. ഈ വിഷാദവുമായ। യോഗമുണ്ടാകാതിരുന്ന എങ്കിൽ ശ്രീ അർജ്ജുനൻ ശാന്തി മാർഗ്ഗാന്വേഷിയായി തീരുകയില്ലായിരുന്നു. അങ്ങനെ വിഷാദവും യോഗകാരണമാകും. ജീവാത്മ ഐക്യത്തെ ചെയ്യുമെന്നും കരുതുക.

ഇതുപോലെ കർമ്മത്തിനും വല്ല പ്രത്യേകതകളും കണ്ടെത്തുമോ എന്ന കാര്യം തിരക്കാം.

'ലോകേസ്മിൻ ദ്വിവിധാനിഷ്ഠാ
പുരാപ്രോക്താ മയാനഘ
ജ്ഞാനയോഗേന സാംഖ്യാനാം
കർമ്മയോഗേന യോഗിനാം'

സാംഖ്യ പ്രകൃതികളായ ആത്മാക്കളെ ജ്ഞാനയോഗത്തോടും കർമ്മോന്മുഖരായ മനുഷ്യരെ യോഗത്തോടും യോജിപ്പിച്ച് ഉത്കർഷത്തിലേയ്ക്ക നയിക്കണമെന്ന മുമ്പിനാലെ പറഞ്ഞിട്ടുള്ളതാണല്ലോ എന്ന കാട്ടുന്നു.

അതായത്ത് ജ്ഞാനോന്മുഖരായ ആളുകളെ ആത്മാവുമായി യോജിപ്പിച്ച് തത്വജ്ഞാനോദയമാർഗ്ഗേണ ആത്മ ബ്രഹ്മൈക്യത്തിലെത്തിക്കുകയും, രണ്ടാമത്തേതാകട്ടെ ജ്ഞാനമാർഗ്ഗത്തിൽ നിശ്ചയദാർഢ്യം കിട്ടാൻ പ്രയാസമുള്ള ആളുകൾക്ക് –'ഞാനെന്ത ചെയ്യണം' 'ഞാനെന്ത ചെയ്യണം' എന്നാരായുന്ന ജനങ്ങൾക്ക– കർമ്മോന്മുഖരായ ജനങ്ങൾക്ക്–അഷ്ടാംഗയോഗം രാജയോഗം മുതലായ പടികളവലംബിക്കാൻ നിർദ്ദേശിക്കണമെന്ന താൽപര്യ. ഇതോടൊപ്പം മററു ചില കാര്യങ്ങൾക്കൂടി ഈ കർമ്മയോഗപന്ഥാവിൽക്കൂടി നമുക്ക കാട്ടിത്തരുന്നുണ്ട്.

'ന കർമ്മണാമനാരംഭാ
നൈഷ്കർമ്മ്യം പുരുഷോശ്നുതേ
ന ച സംന്യാസനാ ദേവ
സിദ്ധിംസമാധിഗച്ഛതി'

ഒരുവൻ കർമ്മമനുഷ്ഠിക്കാതിരുന്നാൽ അവനു കർമ്മമില്ലായ്മ ഉണ്ടാകുന്നില്ല. സമ്യക്കാംവണ്ണമുള്ള ത്യാ

ഗം കൂടാതെ കർമ്മം വിടുന്നതുകൊണ്ടു് മോക്ഷപ്രാപ്തി ഉണ്ടാകയില്ല.

'നഹി കശ്ചിൽ ക്ഷണമപി
ജാതു തിഷ്ടത്യ കർമ്മകൃൽ
കാര്യതേഹ്യവശ: കർമ്മ
സർവ: പ്രകൃതി ജൈർഗ്ഗുണൈ:'

ഒരുനിമിഷംപോലും ഒരുവനും കർമ്മം ചെയ്യാതിരിക്കുന്നില്ല. പ്രകൃതിജന്യങ്ങളായ ഗുണങ്ങളാൽ പ്രേരിതമായിട്ടു് അതിനു വശംവദനായി കർമ്മത്തെ ചെയ്തു പോകുന്നു

'കർമ്മേന്ദ്രിയാണി സംയമ്യ
യ ആസ്തേ മനസാ സ്മരൻ
ഇന്ദ്രിയാർത്ഥാൻ വിമൂഢാത്മാ
മിഥ്യാചാര: സ ഉച്യതേ'

പ്രവൃത്തി ചെയ്യേണ്ടതായ അവയവങ്ങളെക്കൊണ്ടു പ്രവൃത്തി ചെയ്യാതെ മനസ്സുകൊണ്ടു് ആസക്തയോടെ വിചാരത്തെ ചെയ്തുകൊണ്ടിരിക്കുന്നവനെ മിഥ്യാചാരൻ എന്നു പറയുന്നു. അങ്ങനെയുള്ളവനു് ഉൽകർഷം പ്രതീക്ഷിക്കേണ്ടതില്ലല്ലോ. എന്നാൽ

'യസ്ത്വിന്ദ്രിയാണി മനസാ
നിയമ്യാരഭതേർജ്ജുന
കർമ്മേന്ദ്രിയൈ കർമ്മയോഗ
മസക്ത: സവിശിഷ്യതേ'.

ജ്ഞാനേന്ദ്രിയങ്ങളെ മനസ്സിനാൽവേണ്ടവണ്ണം നിയന്ത്രിച്ച്, ഫലാപേക്ഷ കൂടാതെ കർമ്മങ്ങളെ ചെയ്താൽ അവനു വൈശിഷ്ട്യം സാദ്ധ്യമാകും.

ഇങ്ങനെ ഇവിടെ ഇന്ദ്രിയ സംയമനത്തോടുകൂടിയ ഫലാപേക്ഷവിട്ട കർമ്മം യോഗത്തെ ചെയ്യും എന്നുറപ്പി

ക്കുന്നു. അല്ലാതെ ഒരു മനുഷ്യനും ഒരു നിമിഷ കൂടിയും സാദ്ധ്യമല്ലാത്ത, ഒന്നും ചെയ്യാതിരിക്കൽ, ഒരുതരത്തിലും അഭികാമ്യമല്ല.

ഇനിയും പൊതുവേ യോഗമാർഗ്ഗമെന്നറിയുന്ന മററു മാർഗ്ഗങ്ങളെയുമെടുത്തു പഠിക്കാം.

ബ്രഹ്മത്തിൽനിന്നും അതിന്റെ രസരൂപമെന്നോ ഊർജ്ജസ്വരൂപമെന്നോ വ്യാഖ്യാനിക്കപ്പെട്ടമാറ് 'ഓങ്കാരം' രൂപമെടുത്തു. ഇത് ബ്രഹ്മത്തിന്റെ ആകമാനമാണെന്ന ശ്രുതിവചനംകൊണ്ട് 'ഓം' അതിന്റെ നാമമായി കരുതപ്പെട്ടു. ഈ ഓം എന്ന മന്ത്രത്തിൽനിന്നും വ്യാഹൃതികളെന്നറിയപ്പെടുന്ന ഭൂർ,ഭുവ, സ്വ എന്ന മന്ത്രവചസ്സുകൾ ആവിർഭവിച്ചു. അങ്ങനെ വേദമാരംഭമിട്ടു.

ഇങ്ങനെ വസ്തുതത്വം കണ്ടു. നാമരൂപങ്ങളും പുറപ്പെട്ടു. ഇനിയും മറുവശംകൂടി പഠിക്കാം.

ബ്രഹ്മം ആദിയിൽതന്നെ ആത്മാവായറിയപ്പെട്ടിരുന്നു. അതത്രേ നോക്കിയത്. ധ്വനിരൂപം പാർത്തു കണ്ടേൻ 'അകാരം പ്രഥമപ്രോക്ത, ഉകാരസ്ഥദനന്തരം മകാരശ്ചാർദ്ധ മാത്രാ ച, നാദ, ബിന്ദു, തത പരം കലാ,തഥാ കലാതീത, ശാന്തി, ശാന്തോപര, തതഉന്മന്യേകാദശീപ്രോക്ത, ദ്വാദശീതു മനോന്മനീ, പരീ, മദ്ധ്യമാ,പശ്ചാൽ,പശ്യന്തീ പരാ, തത:ഏവം ഷോഡശരൂപോയം പ്രണവ സൂത്രമാത്രക'. ഇങ്ങനെ ഓമും ബ്രഹ്മവും ഒന്നായിട്ടറിയപ്പെട്ടു.

ബ്രഹ്മമെന്ന തത്വാതീത, അനിർവ്വചനീയ, അഗ്രാഹ്യതത്വവും ഓമെന്നതിൻ നാമമിയുമറിയപ്പെട്ടു

'യോഗശ്ചിത്തവൃത്തി നിരോധ'

ചിത്തവൃത്തി ആകാരമാണ് ദൃശ്യം അഥവാ പ്രപഞ്ചം.ഇവിടെ യഥാർത്ഥ ദൃക്ക് മനോമുകുരത്തിൽക്കൂടിയാ

ണ്ട് ദർശനം നടത്തുന്നത്.അപ്പോൾ കാണുന്നത് ചിത്ത വൃത്തി പ്രപഞ്ചം അതായത് ദൃശ്യം. ഇപ്രകാരമുള്ള ചിത്തവൃത്തിയെ തടയലാണ് ശാസ്ത്രം നിർദ്ദേശിക്കുന്നത്.ഒന്നുകൂടിവിവരിക്കാം.മനുഷ്യരാശിഅഥവാആത്മാക്കൾ ചിത്തവൃത്തിയാകുന്ന സങ്കൽപ്പജാല ഫലങ്ങളെ കണ്ട് അത് സജീവമെന്ന തോന്നി അതിലെ സുഖദുഃഖാദികളിൽ ഭ്രമിച്ചു താദാത്മ്യം പ്രാപിച്ചു ദൃശ്യസാരൂപ്യവാന്മാരായിഭവിക്കുന്നു. എന്നാൽ ചിത്തവൃത്തി നിരോധേന, പ്രപഞ്ചമഴിഞ്ഞ് അഥവാ ദൃശ്യം നിലച്ച്,ആത്മലോകമാകുന്ന സ്വലോകാവസ്ഥിതനെന്നറിയുന്നു. അതായത് നിത്യം സ്വലോകമറിഞ്ഞു നിലകൊള്ളുന്നു.

അൽപ്പംകൂടി വിവരിക്കാം. സിനിമാ കണ്ടുകൊണ്ടിരിക്കുന്ന കുട്ടി അവിടെ കാണുന്ന ദൃശ്യത്തിൽ അടിപിടി അക്രമം. ആഭാസം കളി ചിരി ഇവകൾ കാണുകയും അതനുസരിച്ച് പ്രതിചലിയ്ക്കുകയും ചെയ്യുന്നു. ദുഃഖിക്കും, ഭ്രമിക്കും, ചിരിക്കും, രസിക്കും എന്നുവേണ്ട സിനിമാ ദൃശ്യത്തിനനുസരിച്ചു ചലിക്കുന്നു. എന്നാൽ എപ്പോഴാണോ ആ ഫിലിം പിൻവലിക്കുന്നത് അപ്പോൾ തന്നെ ആ ദൃശ്യം നിലയ്ക്കുകയും യഥാർത്ഥ പ്രകാശം ദൃശ്യമാകയുംചെയ്യുംപോലെ ചിത്തവൃത്തി നിരോധേന ലോകദൃശ്യം നിലയ്ക്കും. അപ്പോൾ സ്വപ്രകാശം തെളിയുകയും ചെയ്യും.അങ്ങനെ ആത്മാവലോകനേന ജീവബ്രഹ്മൈക്യം ഉടലെടുക്കുകയും ചെയ്യും.

ഇതിന് വിവിധങ്ങളായ മാർഗ്ഗങ്ങളെ കാട്ടുകയാണ് യോഗശാസ്ത്രം ചെയ്യുന്നത്.

'തദാ ദ്രഷ്ടുഃ സ്വരൂപോ/വസ്ഥാനം' അപ്പോൾ ദ്രഷ്ടാവിന് ദൃശ്യദർശനം നിലച്ച് ആത്മസ്വരൂപേ പ്രതിഷ്ഠിതനെന്നറിയുന്നു.

'വൃത്തി സാരൂപ്യമിതരത്ര'

മറ്റേത് ആത്മവാൻ ചിത്തവൃത്തി സാരൂപ്യമറിഞ്ഞ് നിലകൊള്ളലത്രേ.

വൃത്തയ പഞ്ചതഥ്യ ക്ളിഷ്ടാ/ക്ളിഷ്ടാ'

ചിത്തവൃത്തികൾ അഞ്ചുവിധമുണ്ട് ദുരിതവും ദുരിതരഹിതവുമാണവ.

'പ്രമാണ വിപര്യയ വികൽപ്പ നിദ്രസ്മൃതയ:' ഇവകളെ ഓരോന്നിനെയും സൂത്രകാരൻതന്നെ സൂത്രരൂപേണ കാട്ടുന്നുണ്ട്.

പ്രമാണ - പ്രത്യക്ഷാനുമാനാഗമ: പ്രമാണാനി 'വിപര്യയോ മിത്ഥ്യാജ്ഞാനമതദ്രൂപ പ്രതിഷ്ടം. ശബ്ദജ്ഞാനാനു പാതീവസ്തു ശൂന്യോ വികൽപ്പ.

'അഭാവ പ്രത്യയാലംബനാവൃത്തി നിദ്ര'

'അനുഭൂത വിഷയാഽസമ്പ്രമോഷ: സ്മൃതി'

'അഭ്യാസ വൈരാഗ്യാഭ്യാം തന്നിരോധ:'

ഇവകളുടെ വിവരിക്കലും പ്രാധാന്യമർഹിക്കുന്നവയാണ്. പ്രത്യക്ഷമെന്നാൽ ഇന്ദ്രിയദ്വാരാ കാണുന്നത്, കേൾക്കുന്നത്, മണത്തറിയൽ, തൊട്ടറിയൽ, രുചിച്ചറിയൽ ഇവയൊക്കെയാണല്ലോ. ഇവ യെല്ലാം ഇന്ദ്രിയങ്ങളുടെ പ്രവർത്തനവും വിഷയങ്ങളുമാണല്ലോ.

അനുമാനമെന്നു പറഞ്ഞാൽ മനോ വ്യാപാരത്തിൽ പെടുന്നവയാണ്. ആഗമം ശാസ്ത്രമുൾക്കൊള്ളുന്നതെല്ലാം.

ഇങ്ങനെ വരുമ്പോൾ പ്രമാണമാകമാനം ജാഗ്രത് വൃത്തിയിൽപ്പെടുന്നതായി കാണാം. ഒന്നുകൂടി വിവരിക്കാം. പ്രത്യക്ഷം എന്നാൽ ഇന്ദ്രിയ ഗോചരങ്ങളും, അനുമാനമെന്നാൽ മനോഗോചരവു , ആഗമമെന്നാൽ ശാസ്ത്ര ഗോചരവുമാണ്. ശാസ്ത്രഗോചരമെന്നാൽ ശാസ്ത്രനേത്രേണ കണ്ടെത്താവുന്നതു്.ഇവ ജാഗ്രത് പ്രതിഭകളത്രേ.

വിപര്യയമെടുക്കാം. മിത്ഥ്യാജ്ഞാനമതദ്രൂപ പ്രതിഷ്ഠം. ഇതു് ഉണ്ടെന്നും ഇല്ലെന്നും പറയാൻ വയ്യാത്ത തനിവൃത്തിരൂപമാണ്. സ്വപ്നമെടുക്കാം. അതു കണ്ടതുണ്ട്, കേട്ടതുണ്ട്, മണത്തതുണ്ട്, സ്പർശിച്ചതുണ്ട്. പക്ഷേ കണ്ണുകണ്ടില്ല, ചെവി കേട്ടില്ല,നാസിക മണത്തില്ല, ത്വക്ക് സ്പർശിച്ചില്ല,നാക്കരുചിച്ചുമില്ല എങ്കിലും എല്ലാമറിയുന്നു. ഈയിനം അറിവിനെ പ്രധാനമായി വിപര്യയ പദാർത്ഥമായി കാണണം. ഭ്രാന്തിജ്ഞാനം, രജ്ജുസർപ്പാദി, കാനൽജലം, ദിഗ്ഭ്രമം ഇവകളെല്ലാമതിൽപ്പെടും.

അടുത്തതു് വികൽപ്പമാണല്ലോ. അൽപ്പംവിവരം:

'ശബ്ദജ്ഞാനാനുപാതീവസ്തു ശൂന്യോവികൽപ്പം"

'സ്പുരത്യേവം ജഗത്കൃത്സ്നം
അഖണ്ഡിത നിരന്തരം
അഹോമായാ മഹാമോഹോ
ദ്വൈതാ ദ്വൈത വികൽപ്പനാ'

ഇടത-വില്ലാതെ ഈ ജഗത്തു മുഴുവനം തന്നെയും അഖണ്ഡമായ നി കൊള്ള തായി കാണുന്നു. അഹോ മായയാകുന്ന മഹാമോഹമെത്ര അത്ഭുതം! ദ്വൈതത്തേയും അദ്വൈതത്തേയും എല്ലാം വികൽപ്പനം ചെയ്യുന്നു. വിഭാ നചെയ്യുന്നു.

'ധർമ്മാത്ഥ കാമമോക്ഷാശ്ച
ദേവപാദി ചരാചരം-
മന്യന്തേ യോഗിന സർവം
മരീചി ജലസന്നിഭം'

യോഗികളായ ധർമ്മാത്ഥ കാമമോക്ഷേച്ഛുക്കൾ, മാനുഷർ തുടങ്ങിയ ചരാചര മാകമാനം മരീചി ജലസമാനമായിട്ടാണ് മധസ്സിലാക്കുന്നതു്. അഥവാ കരുതുന്നതു്

'വിശ്വം ദർപ്പണദൃശ്യമാന നഗരീ
തുല്യം നിജാന്തർഗ്ഗതം
പശ്യന്നാത്മനി മായയാ ബഹിരിവോ
ദ്ഭൂതം യഥാനിദ്രയാ
യ സാക്ഷാത് കുരുതേ പ്രബോധ സമയേ
സ്വാത്മാന മേവാദ്വയം
തസ്മൈ ശ്രീഗുരുമൂർത്തയേ നമ ഇദം
ശ്രീദക്ഷിണാമൂർത്തയേ'

കണ്ണാടിയിൽ പ്രതിബിംബിച്ചു കാണുന്ന തെരുവെന്നപോലെ തന്റെ ഉള്ളിൽ മായകൊണ്ടു പ്രതിബിംബിച്ചു കാണുന്നതാണു വിശ്വം-, നിദ്രയിൽ വെളിയിലെന്നപോലെ. ഭൂതങ്ങളെ കാണുംപോലെ.

ഇത്രയുംകൊണ്ടു മനസ്സിലാക്കേണ്ടതു് സ്വവ്യക്തമായി ശാസ്ത്രസമ്മതമ ർജ്ജിച്ച മനസ്സങ്കൽപ്പപരമായ വികൽപ്പനേനപരുചിത്തവൃത്തിനിലനിൽക്കുന്നുണ്ടെന്നും അതും നിരോധിക്കപ്പെടേണ്ടതിൽപ്പെട്ടതാണെന്നുമാണു്.

യഥാത്ഥത്തിലുള്ള ആദിയിലേഉള്ള, ഏകവസ്തു തത്വമായ ബ്രഹ്മം, അറിയപ്പെടാതെ,വസ്തുശൂന്യമായ

ത്തും യഥാർത്ഥത്തിൽ അതായതു് പാരമാർത്ഥികസത്തയിൽ കാണാൻ പററാത്തതുമായ മായാകാര്യങ്ങളായ മരുമരീചികാ സമാനവസ്തു, തത്വവിഹീന മിഥ്യാവസ്തു കാണലാണു് വികൽപ്പനേന കുറിക്കപ്പെടുന്നതു്.

ഇനിയും നമുക്കു് നിദ്രാവൃത്തി യിലേക്കു കടക്കാം.

'അഭാവ പ്രത്യയാലംബനാവൃത്തി നിദ്രാ'

ഒരുതര വസ്തു തത്വവും ഭവിച്ചിരിക്കുന്നു എന്നറിയാതെ താനറിഞ്ഞതുമറിയാതെ, തന്നേയുമറിയാതെ, ഭവത്തുമറിയാതെ ഇരിക്കുന്ന, തനി തമാവൃത ചിത്തവൃത്തിയത്രേ നിദ്രയായിട്ടറിയപ്പെടുന്നതു്.

'അനുഭൂത വിഷയാ സ പ്രമോഷ:സ്മൃതി'

നിദ്ര അവസാനിച്ച കുട്ടി ഉണർന്നു നോക്കുകയായി എന്റെ വീടു്–എന്റെ അമ്മ–എന്റെ അഛൻ– എന്റെ അണ്ണൻ എന്നല്ല. മാവും മരവും പട്ടിയും പൂച്ചയും ഒക്കെ സ്മരണമണ്ഡലം നിറയ്ക്കലായി. ഇങ്ങനെ സ്വയം എന്നല്ല യത്നിച്ചും ഓർമ്മിച്ചും വരുത്തുന്ന എല്ലാമെല്ലാം ചിത്തവൃത്തി പ്രേരണതന്നെ ഇതു് സ്മൃതിയെന്ന പ്രത്യേക വൃത്തിയാണു്. അല്ലെങ്കിൽ മരിച്ചവൻ ജനിച്ചു് പുനർജന്മമറിയാത്തപോലെ വന്നേനെ. അങ്ങനെചിത്തവൃത്തിപ്രേരണതന്നെയാണു്സ്മൃതിയെചെയ്യുന്നതു്.ഇതാത്മാനുഭവമല്ല.ആത്മപ്രകാശേ,സ്വപ്രകാശേ സ്വസ്വരൂപേ ബ്രഹത്ഭാവേന അറിയേണ്ടും സച്ചിദാനന്ദരൂപം, ശാന്തം,ശിവ,മല്ല ചിത്തസ്മൃതി കാട്ടുന്നതു്. അതേസമയം സച്ചിദാനന്ദ സ്വരൂപം കാട്ടേണ്ട ഇടത്തിൽ അതിന്റെ അഭാവത്തെ, കാട്ടാതെ കാട്ടി ചിത്തവൃത്തി പ്രേരകമായ വിശ്വസ്മരണ കാട്ടലാണു്. നിരോധന വിധേയമാക്കാൻ ശാസ്ത്രം പറയുന്ന സ്മൃതിവൃത്തി.

'അഭ്യാസ വൈരാഗ്യാഭ്യാം തന്നിരോധ:'

മനോക്ഷേത്രമായ ശരീരത്തെ ശാസ്ത്രസമ്മതമായ അഭ്യാസത്തിനാലും,മനസ്സിനെആഗ്രഹനിരോധനത്തിനാലും അതായതു് വിരാഗതയാലും(രാഗമില്ലായ്മയാലും) വശപ്പെടുത്തിചിത്തവൃത്തിനിരോധത്തെ സാധ്യമാക്കാം.

★